### പൊതുവിദ്യാഭ്യാസ വകുപ്പ്, കേരളം

# വിദ്യാരംഗം കലാസാഹിത്യവേദി

## പ്രവർത്തന പദ്ധതി 2017-18

"സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതാകും സമഗ്രവിദ്യാഭ്യാസം" എന്നാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങളിലൊന്നായി നൽകിയിട്ടുള്ളത്.

ഈ ലക്ഷ്യത്തിൽ താഴെ കൊടുത്ത ഘടകങ്ങൾ ഉൾച്ചേർന്നിട്ടുണ്ട്.

- ഓരോ വിദ്യാർത്ഥിയുടെയും സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനുമുള്ള അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങൾ ഒരുക്കിയും പ്രയോജനപ്പെടുത്തും.
- സർഗ്ഗാത്മകരചനയിലും സംഗീതം, ചിത്രം തുടങ്ങിയ കലകളിലും ഉള്ള താത്പര്യവും ജന്മസിദ്ധമായ കഴിവുകളും കണ്ടെത്തി പോഷിപ്പിക്കുന്നതിനുള്ള ഇടങ്ങളായി വിദ്യാലയത്തെ പരിവർത്തിപ്പിക്കും.
- ഒന്നാം ക്ലാസു മുതൽ കുട്ടികളിൽ വായനാസംസ്കാരം പ്രോത്സാഹിപ്പിക്കും. അതിനായി സ്കൂൾ ഗ്രന്ഥശാലകളെ ആധുനികീകരിക്കും.
- മതനിരപേക്ഷത, ജനാധിപത്യബോധം, തുല്യത, സഹവർത്തിത്വം, സഹകരണം, അനുതാപം തുടങ്ങിയ മാനവികമൂല്യങ്ങൾ ഉറപ്പിക്കാൻ സഹായകമായ പഠനാന്തരീക്ഷവും പഠനപ്രക്രിയയും ഉറപ്പാക്കും.
- പാരിസ്ഥിതികാവബോധം, മാലിന്യനിർമ്മാർജ്ജനാവബോധം, സാമൂഹ്യാവബോധം, വിമർശനാവബോധം, ലിംഗാവബോധം എന്നിവ നേടാനുള്ള അനുഭവങ്ങൾ നൽകും.
- മാതൃഭാഷയോടുള്ള സ്നേഹവും മതിപ്പും വളർത്താൻ ആവശ്യമായ പഠനപ്രവർത്തനങ്ങൾ ഒരുക്കും.

ക്ലാസ് - സ്കൂൾ തലങ്ങളിൽ വിദ്യാരംഗം കലാസാഹിത്യവേദി ഈ വർഷം നടത്താൻ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളും, ഉപജില്ല-ജില്ല-സംസ്ഥാനതലങ്ങളിലെ സർഗ്ഗോത്സവശില്പശാലകളും ഈ ലക്ഷ്യങ്ങൾ പരമാവധി കൈവരിക്കാൻ പര്യാപ്തമായ വിധത്തിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, സർഗ്ഗപരവും മാനവികവുമായ കഴിവുകളെല്ലാം കണ്ടെത്താനും പോഷിപ്പിക്കാനും സഹായകമായ ഒരു പ്രവർത്തനസമാഹാരമാണ് വിദ്യാരംഗം മുന്നോട്ടുവയ്ക്കുന്നത്. വേണ്ടത്ര ശ്രദ്ധയോടെ, മുന്നൊരുക്കങ്ങളോടെ, സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ ചെയ്തു പൂർത്തിയാക്കുക എന്ന ഗൗരവമേറിയ ചുമതലയാണ് അധ്യാപകസമൂഹത്തിനു നിർവ്വഹിക്കാനുള്ളത്. ഇതിനാവശ്യമായ പിന്തുണയൊരുക്കാൻ രക്ഷാകർതൃസമൂഹത്തിനും കഴിയണം. പൊതുവിദ്യാഭ്യാസ വകുപ്പും തദ്ദേശസ്വയംഭരണ്ഥാപനങ്ങളും അക്കാദമികളും എസ്.എസ്.എ. തുടങ്ങിയ സംവിധാനങ്ങളും ഇതിനാവശ്യമായ പശ്ചാത്തലസൗകര്യങ്ങളും അക്കാദമിക് പിന്തുണയും നൽകും.

**വാർഷിക പ്രവർത്തന പദ്ധതി - 2017-18 : പ്രധാന സവിശേഷതകൾ**

- ക്ലാസ്സ്, സ്കൂൾ തലങ്ങളിൽ 2017 ജൂൺ 5 ലോകപരിസ്ഥിതി ദിനം മുതൽ 2018 ഫെബ്രുവരി 21 ലോകമാതൃഭാഷാദിനം വരെ നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നു.
- 'ഒരു കുട്ടി, ഒരു മാസിക' : ഫെബ്രുവരി 21 ന് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഒന്നുമുതൽ പത്തുവരെ ക്ലാസുകളിൽ പഠിക്കുന്ന ഓരോ കുട്ടിയും സ്വന്തമായി തയ്യാറാക്കിയ കൈയെഴുത്തുമാസികയുടെ പ്രകാശനം.
- ദിനാചരണങ്ങളെ അടിസ്ഥാനമാക്കി നടത്തുന്ന വൈവിധ്യമുള്ള രചനാപ്രവർത്തനങ്ങളും ശേഖരണപ്രവർത്തനങ്ങളും വഴി ക്ലാസിലെ എല്ലാ കുട്ടികളും വ്യക്തിഗതമായി തയ്യാറാക്കുന്ന ഉത്പന്നങ്ങളാണ് അവരുടെ കൈയെഴുത്തുമാസികയുടെ ഉള്ളടക്കം.
- പഞ്ചായത്ത് - സ്കൂൾ - ഉപജില്ല - ജില്ല അടിസ്ഥാനത്തിലുള്ള സർഗ്ഗോത്സവങ്ങളുടെ തുടക്കം ദിനാചരണങ്ങളുമായി എൽ.പി., യു.പി., ഹൈസ്കൂൾ ക്ലാസുകളിൽ നടത്തുന്ന പ്രവർത്തനങ്ങളിൽനിന്നാണ്. ജൂൺ, ജൂലൈ മാസത്തിലെ ക്ലാസ് പ്രവർത്തനങ്ങളിൽനിന്നാണ് സ്കൂൾ സർഗ്ഗോത്സവത്തിനുള്ള കുട്ടികളെ കണ്ടെത്തേണ്ടത്.
- എൽ.പി.വിഭാഗത്തിൽ 1,2 ക്ലാസുകാർക്ക് സ്കൂൾതലത്തിലും 3,4 ക്ലാസുകാർക്ക് ഗ്രാമപഞ്ചായത്ത് / നഗരസഭ തലത്തിലും സംഘടിപ്പിക്കുന്ന സർഗ്ഗോത്സവങ്ങളും യു.പി., ഹൈസ്കൂൾ വിഭാഗങ്ങൾക്ക് ഉപജില്ല, ജില്ല, സംസ്ഥാന തലങ്ങളിലുള്ള സർഗ്ഗോത്സവങ്ങളും ഉണ്ടായിരിക്കും.
- ഓരോ വിഭാഗത്തിനും നിശ്ചയിച്ചിട്ടുള്ള വിഷയമേഖലകൾ താഴെ കൊടുക്കുന്നു:

| | |
|---|---|
| എൽ.പി. 1,2 ക്ലാസുകൾ : | കഥ പറയൽ, ചിത്രംവര, പാട്ട് |
| എൽ.പി. 3,4 ക്ലാസുകൾ : | കഥ, കവിത, ചിത്രം, അഭിനയം |
| യു.പി. ക്ലാസുകൾ : | കഥ, കവിത, ചിത്രം, കവിതാലാപനം, അഭിനയം, നാടൻപാട്ട് |
| ഹൈസ്കൂൾ ക്ലാസുകൾ : | കഥ, കവിത, ചിത്രം, കവിതാലാപനം, അഭിനയം, നാടൻപാട്ട് |

***കുറിപ്പ്*** *: കഥ, കവിത എന്നീ മേഖലകളിൽ മുൻകൂട്ടി നിർദ്ദേശിക്കുന്ന മികച്ച രചനകളുടെ വായനയും ചർച്ചയും ഉൾക്കൊള്ളിച്ചിരിക്കുന്നു. അതിനാൽ പുസ്തകചർച്ച ഒരു പ്രത്യേക വിഷയമേഖലയായി ഉൾപ്പെടുത്തുന്നില്ല.*

- സംസ്ഥാന സർഗ്ഗോത്സവം വിവിധ അക്കാദമികളുടെ സഹകരണത്തോടെ ഒന്നാം ടേമിൽത്തന്നെ നടത്തുവാൻ ഉദ്ദേശിക്കുന്നു. അതിനാൽ ജൂലൈ അവസാനം സ്കൂൾ സർഗ്ഗോത്സവങ്ങളും ആഗസ്റ്റ് മാസത്തിൽ ഉപജില്ല, ജില്ലാ സർഗ്ഗോത്സവങ്ങളും നടക്കേണ്ടതുണ്ട്.
- ക്ലാസ്മുറിയിലെ ഭാഷാപഠനത്തിന്റെ സ്വാഭാവികമായ ഒരു ഭാഗമായും, സർഗ്ഗവേള പിരിയഡുകൾ പ്രയോജന പ്പെടുത്തിക്കൊണ്ടുമാണ് ക്ലാസ്തല സാഹിത്യവേദി പ്രവർത്തനങ്ങൾ നടക്കേണ്ടത്.
- എസ്.ആർ.ജി.യിലും പി.ടി.എ.യിലും വിദ്യാരംഗം പ്രവർത്തനപദ്ധതി ഗൗരവത്തോടെ ചർച്ച ചെയ്ത് പരിപാടി കൾ സമയബന്ധിതമായി ആസൂത്രണം ചെയ്യണം; സ്കൂൾ വാർഷിക കലണ്ടറിൽ ഉൾപ്പെടുത്തണം.
- സ്കൂൾതല പ്രവർത്തനങ്ങൾക്ക് വിദ്യാരംഗം സ്കൂൾതലസമിതിയും ചുമതലയുള്ള അധ്യാപകനും / അധ്യാ പികയും നേതൃത്വം വഹിക്കും.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ സ്കൂൾതലത്തിൽ മറ്റു ക്ലബ്ബുകളുമായി ചേർന്ന് നടത്തണം.
- ക്ലാസിലെ എല്ലാ കുട്ടികൾക്കും അവസരങ്ങൾ ലഭിക്കുന്ന വിധത്തിലാണ് പ്രവർത്തനങ്ങൾ നടത്തേണ്ടത്. പഠനപിന്നാക്കാവസ്ഥയുള്ള കുട്ടികളെയും ഭിന്നശേഷിക്കാരായ കുട്ടികളെയും പ്രത്യേകം പരിഗണിക്കണം. 'ഒരു കുട്ടി, ഒരു മാസിക' പരിപാടിയിൽ ഈ വിഭാഗങ്ങളിലുള്ള കുട്ടികളും ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കണം.
- ക്ലാസ് തലത്തിൽ ഓരോ പ്രവർത്തനത്തിലും രൂപപ്പെടുന്ന കഥ, കവിത, ചിത്രം, കുറിപ്പുകൾ, ഡയറി, യാത്രാ വിവരണം, കാർട്ടൂൺ, അടിക്കുറിപ്പുകൾ, അഭിമുഖം, ശേഖരിച്ച വാർത്ത-കഥ-കവിത-പാട്ട്, മറ്റു വിഷയങ്ങ ളുടെ പഠനപ്രവർത്തനങ്ങളിൽ ഉണ്ടായ രചനകൾ (ഉദാ : ഗണിതത്തിൽ കുട്ടി വരച്ച ഒരു ജ്യോമെട്രിക്കൽ പാറ്റേൺ, ചെയ്ത ഒരു പ്രോജക്ടിന്റെ റിപ്പോർട്ട്...) ഇവയെല്ലാം കുട്ടിയുടെ കൈയെഴുത്തുമാസികയിൽ ഉൾപ്പെടേണ്ട പഠനോത്പന്നങ്ങളാണ്.
- ഓരോ ഘട്ടത്തിലും ഇവ ക്ലാസിൽ / സ്കൂളിൽ ശേഖരിച്ചുവെച്ച് ഫെബ്രുവരിയിൽ അവ ഉചിതമായ ലേ-ഔട്ട്, പുറംചട്ട എന്നിവയോടെ പ്രസിദ്ധീകരിക്കാൻ ആവശ്യമായ പിന്തുണാസംവിധാനം അധ്യാപകരും പി.ടി. എ.യും ഏറ്റെടുക്കണം. ഒരു കുട്ടി ഏറ്റവും കുറഞ്ഞത് 15 എ-4 ഷീറ്റുകളുള്ള മാസികയാണ് തയ്യാറാക്കേണ്ടത്.
- ക്ലാസ്തലത്തിലും സ്കൂൾതലത്തിലും നടത്തുന്ന വായന-രചനാ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന ഏതാനും വായനാവിഭവങ്ങളും അവയുടെ സാമാന്യമായ പ്രയോഗരീതികളും വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനസമാഹാരമായി തയ്യാറാക്കി സ്കൂൾ തുറക്കും മുമ്പുതന്നെ ലഭ്യമാക്കും.
- സാഹിത്യവേദി പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും നടത്തുന്നതിനുള്ള സംഘടനാസം വിധാനം സ്കൂൾ-ഉപജില്ല-ജില്ലാതലങ്ങളിൽ ജൂൺ ആദ്യവാരംതന്നെ രൂപീകരിക്കേണ്ടതാണ്. സ്കൂൾ തുറ ക്കുന്ന ദിവസംതന്നെ സ്കൂൾ വിദ്യാരംഗം ചുമതലയുള്ള അധ്യാപകനെ / അധ്യാപികയെ നിശ്ചയിക്കണം. ഉപജില്ലാതലത്തിലും ജില്ലാതലത്തിലുമുള്ള സമിതികൾ വായനാദിനത്തിനു മുമ്പായി രൂപീകരിക്കും.

വിദ്യാരംഗം കലാസാഹിത്യവേദി ക്ലാസ്-സ്കൂൾതലങ്ങളിൽ ഈ വർഷം നടത്തുന്ന പ്രവർത്തനങ്ങളുടെ രൂപരേഖ താഴെ ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി പട്ടികയായി കൊടുത്തിരിക്കുന്നു.

| തിയ്യതി / കാലയളവ് | ദിനം | പരിപാടിയുടെ പേര് | പ്രവർത്തന സൂചനകൾ |
|---|---|---|---|
| ജൂൺ 5 | ലോക പരിസ്ഥിതി ദിനം | പച്ചപ്പ് | രചനകളുടെ വായന, സ്വതന്ത്രര ചനകൾ, ചിത്രരചന, കാർട്ടൂൺ, വായനക്കാരും എഴുത്തുകാരു മായി അഭിമുഖം, കത്തെഴുത്ത്, ഡയറിക്കുറിപ്പുകൾ, ആസ്വാദ നം, കവിതാലാപനം, നാടകാവി ഷ്കാരം, കഥ പറയൽ, കഥ വായന, വാർത്ത തയ്യാറാക്കൽ, അടിക്കുറിപ്പെഴുതൽ, പ്രഭാഷ ണം, ആശംസാകാർഡ്, നാടൻപാട്ട് ശേഖരണവും അവ തരണവും, യാത്ര, ഗ്രന്ഥശാലാ സന്ദർശനം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തകപ്രദർശനം, പുസ്തകവണ്ടി, പുസ്തകപരിച യക്കുറിപ്പുകൾ, വായനാനുഭവ ങ്ങൾ, ബാഡ്ജ് നിർമ്മാണം, ഇൻലൻഡ് മാസിക, പതിപ്പു കൾ, ചുമർപത്രം, കയ്യെഴുത്തു മാസിക............ |
| ജൂൺ 19 | വായനാദിനം | വായനായനം | |
| ജൂലൈ 21 | ചാന്ദ്രദിനം | അമ്പിളിക്കാലം | |
| ആഗസ്റ്റ് 15 | സ്വാതന്ത്ര്യദിനം | സ്വാതന്ത്ര്യപ്പുലരി | |
| ചിങ്ങം 1 (ആഗസ്റ്റ് 17) | കർഷകദിനം | ചിങ്ങച്ചിന്ത് | |
| സപ്തംബർ 1 | ഓണം, ബക്രീദ് | പൂക്കളം | |
| സപ്തംബർ 5 | അധ്യാപകദിനം | എന്റെ ടീച്ചർ | |
| സപ്തംബർ 21 | ശ്രീനാരായണഗുരുസമാധി | ഗുരുസ്മരണ | |
| ഒക്ടോബർ 2 | ഗാന്ധിജയന്തി | ബാപ്പുസ്മൃതി | |
| നവംബർ 1 | കേരളപ്പിറവി ദിനം | പിറന്നാൾമധുരം | |
| നവംബർ 14 | ശിശുദിനം | പനിനീർപ്പൂ | |
| നവംബർ 20 | ബാലാവകാശദിനം | എനിക്ക്, ഞങ്ങൾക്ക് | |
| ജനുവരി 1 | പുതുവർഷദിനം | പുതുവർഷത്തുള്ളി | |
| ജനുവരി 24 | ബാലികാദിനം | ജ്യോതിസ്സ് | |
| ഫെബ്രുവരി 21 | ലോകമാതൃഭാഷാദിനം | ഭാഷോത്സവം | |

# യു.പി.വിഭാഗം

## ജൂൺ 5 പരിസ്ഥിതി ദിനം.

## ***പച്ചപ്പ്***

ക്ലാസ്തലം

**പ്രവർത്തനം 1**

സുഗതകുമാരിയുടെ ''തൈവയ്ക്കൽ'' എന്ന കവിത കുട്ടികൾ പരിചയപ്പെടുന്നു.
ടീച്ചറുടെയും കുട്ടികളുടെയും ചൊല്ലൽ, ഗ്രൂപ്പുകളിൽ വായന

**തൈവയ്ക്കൽ**

സുഗതകുമാരി

ഒരു ചിത്രം കാൺക, കടുംനിറക്കൂട്ടിൽ
വരഞ്ഞതാണിത്; തിരിഞ്ഞുനിൽക്കുക.
ഇരു ഭാഗങ്ങളുണ്ടിതിന്, മധ്യത്തി-
ലൊരു നദി ചത്തു കറുത്തൊഴുകുന്നൂ.
ഒരു കരയിലായ് പുകയിൽ മുങ്ങിയും
കറയും ചോരയും മദിരയും വാർന്നും
ജയിലുപോൽ, ഭ്രാന്താലയംപോൽ ചൂഴവു-
മഴികൾ പാകിയ നഗരം പൊങ്ങുന്നു.
മറുഭാഗത്തല്പമകലെയക്ഷമം
ഒരഗ്നിപർവ്വതം ചുമച്ചു നിൽക്കുന്നു!
അതിൻ മുഖത്തൊരു ചുവപ്പുകാണുന്നു,
അതിൻ മുരൾച്ചയൊന്നമർന്നു കേൾക്കുന്നൂ...
മുകളിലാകാശമിരുണ്ടു താണെന്തോ
വരുംപോൽ കാതോർത്തു ചുളുങ്ങിനിൽക്കുന്നൂ.
നദിക്കരയിലുണ്ടിരുപേർ, കൊച്ചൊരു
മിടുക്കനും നോക്കിച്ചിരിക്കുമമ്മയും.
അവിടെയാ മണ്ണിൽ തടംപിടിച്ചമ്മ
മകന്റെ കൈയാലെയൊരു തൈ വയ്ക്കുന്നൂ.
അതു കാൺകെ,ച്ചത്ത നദി വിതുമ്പുന്നൂ,
കിഴവനാകാശം കുനിഞ്ഞു നോക്കുന്നൂ.
പറയുന്നൂ കണ്ഠമിടറിടാതവൾ,
''മരമിതു പൊങ്ങി വളർന്നു നാളേയ്ക്കു
തണലും പൂക്കളും പഴങ്ങളും കാറ്റും
മഴയും പച്ചയും നിറച്ചു നൽകട്ടെൻ
മണിക്കുട്ട, ന്നമ്മയ്ക്കതല്ലയോ മോഹം?''
അതു കേൾക്കെ ഭ്രാന്തൻ നഗരം കൂക്കുന്നൂ!
അകലെത്തീമലയമർത്തിമൂളുന്നൂ...
അതിനെന്തേ, കൊച്ചുമകന്റെ കൈ പിടി-
ച്ചതിന്നു പെറ്റമ്മ കുടിനീർ വീഴ്ത്തുന്നൂ!

ചർച്ചയ്ക്കു ശേഷം ഈ കവിതയുടെ ആശയം അടിസ്ഥാനമാക്കി വ്യക്തിഗതമായി കഥ, കവിത, ചിത്രരചന.
രചനകൾ ക്ലാസിൽ പൊതുവായി അവതരിപ്പിച്ച് കുട്ടികൾക്ക് വിലയിരുത്താൻ അവസരം നൽകണം.
രചനകൾ കൈയെഴുത്തുമാസികയിലേക്കായി ടീച്ചർ ശേഖരിച്ചുവയ്ക്കുന്നു.
(രചനകളുടെ തിരുത്തുകളും മാറ്റങ്ങളും വരുത്തിയ ആദ്യരൂപമാണ് ശേഖരിച്ചുവയ്ക്കേണ്ടത്. മാസികയിൽ ചേർക്കാനുള്ള അന്തിമരൂപം പിന്നീട് മാസികാനിർമ്മാണക്കാലത്ത് പൂർത്തിയാക്കിയാൽ മതിയാകും.)

**പ്രവർത്തനം 2**

മുല്ലനേഴിയുടെ ''മരവും മനുഷ്യനും'' എന്ന നാടകം വായനയും അവതരണവും
ഗ്രൂപ്പുകളായി നാടകം വായിച്ച് ചർച്ച ചെയ്യുന്നു. രംഗാവതരണത്തിനുള്ള ഒരുക്കങ്ങൾ ഗ്രൂപ്പുകളിൽ നടക്കുന്നു.

**മരവും മനുഷ്യനും**

മുല്ലനേഴി

**ഒന്ന്**

മൂന്നുപേർവീതമുള്ള രണ്ടു സംഘം വേദിയുടെ രണ്ടു വശത്തുനിന്ന് മരമായി നൃത്തംചെയ്തു വരുന്നു. (പശ്ചാത്തലത്തിൽ ഉചിതമായ താളം). മരങ്ങൾ ഒന്നുചേർന്ന് ഒരു വന്മരമാകുന്നു. അഞ്ചോ ആറോ വയസ്സായ ഒരു കുട്ടി അതേ താളത്തിൽ, ചുവടുകളിൽ നൃത്തംചെയ്ത് പ്രവേശിക്കുന്നു. മരവുമായി സല്ലപിക്കുന്നു. അല്പനേരത്തിനു ശേഷം വിഷാദമൂകനായി മരച്ചോട്ടിലിരിക്കുന്നു.

മരം : മുത്തേ, മുത്തേ, മണിമുത്തേ,
മുത്തം മുത്തം മണിമുത്തം
മുഖം കറുക്കുവതെന്തിന്നോ?
മുഷിഞ്ഞിരിക്കുവതെന്തിന്നോ?

കുട്ടി : പട്ടുകുപ്പായമെനിക്കില്ല
പാലും പഴവുമെനിക്കില്ല
പുന്നാരമോനേയെന്നെന്നെ വിളിക്കുവാൻ
പൂമരമേ,യെനിക്കാരുമില്ല.

മരം : മണ്ണും മരവും മനുഷ്യനുമൊന്നെന്നു
കുഞ്ഞേ, ഞങ്ങളറിയുന്നൂ
തേൻകനി പൊട്ടിച്ചു ചന്തയിൽ വിറ്റിട്ടു
വേണ്ടവയെല്ലാം വാങ്ങിക്കൂ.

മരം കൊമ്പുകൾ താഴ്ത്തിക്കൊടുക്കുന്നു. കുട്ടി ആഹ്ലാദത്തോടെ കനികൾ പൊട്ടിച്ച് കുട്ടയിലാക്കി. കുട്ട തലയിലേറ്റി പോകുന്നു.

മരം : മണ്ണിന്റെയാഴത്തിൽ വേരുണ്ട്
മാനത്തു മുട്ടുന്ന തലയുണ്ട്
ആയിരം കൈകൊണ്ടു ദാനം ചെയ്യാൻ
പൂവുപോലുള്ള മനസ്സുണ്ട്.
തളിരിട്ടു താരിട്ടു നിൽക്കുന്ന കാലം
തണലേകാനുലകിൽ മരമുണ്ട്.

**രണ്ട്**

മരം കുറേക്കൂടി തടിച്ചിട്ടുണ്ട്. പണ്ടത്തെ കുട്ടി ഇന്നു യുവാവാണ്. അയാൾ വിഷാദഭാവത്തോടെ പ്രവേശിക്കുന്നു.

മരം : കനിയെല്ലാം തന്നിട്ടും
കഞ്ഞി കുടിച്ചിട്ടും
മിഴിയിണയെന്തേ
നനഞ്ഞിരിക്കാൻ?

യുവാവ് : കഞ്ഞി കുടിച്ചു കഴിഞ്ഞപ്പോളെൻ
കരളിനു മോഹം.
മഞ്ഞേല്ക്കാത്തൊരു മഴയേല്ക്കാത്തൊരു
കുഞ്ഞിക്കൂര.

മരം : കാലം മറുന്നു, മോഹം കൂടുന്നു
കാണാത്തതൊന്നുണ്ട് പക്ഷേ,
മോഹം അതിമോഹമായി മാറുമ്പോൾ
മോചനമില്ലാത്ത നാളെ.

യുവാവ് (ആത്മഗതം) : ഈ മരം വഴങ്ങില്ലെന്നുണ്ടോ? എങ്ങനെയെങ്കിലും മരത്തിനെയൊന്ന് സ്വാധീനിക്കണമല്ലോ. നല്ല തടിയൻ കൊമ്പുകൾ. ഈടുറ്റ കാതലുണ്ടായിരിക്കും ഉള്ളിൽ! മനോഹരമായ ഒരു ബംഗ്ലാവ്, സന്തുഷ്ടമായ കുടുംബം, ബാക്കിവരുന്ന തടി വിറ്റാൽ കൈ നിറയെ നാണയങ്ങൾ... ആഹാ!

(മരത്തിനോട് ) : പണ്ടെനിക്കേകിയ വാഗ്ദാനം
പാടേ മറക്കുകയാണോ നീ?
മണ്ണും മരവും മനുഷ്യനുമൊന്നെന്ന-
തെന്നെ പഠിപ്പിച്ചതല്ലേ നീ?
ആ മരമീമരം പൂമരമേ,
അന്തിക്കുറങ്ങുവാൻ വീടു വേണം.

മരം : ആവൂ! ഇവന്റെയൊരു വാശി!
വാശിക്ക് നാശമാണ് ഫലം.
ശരി, നിന്റെ മോഹം നടക്കട്ടെ
മണ്ണും ഞാൻ കാക്കുന്നു
മഴയും ഞാൻ കാക്കുന്നു
എന്നും മനുഷ്യരെ കാക്കുന്നു.
ചെറുചില്ലകൾ വെട്ടിക്കോ
വീടൊന്നു കേറ്റിക്കോ
മഴ വന്നാൽ വീണ്ടും
തളിർക്കൂലോ!

യുവാവ് കൊമ്പുകളും ചില്ലകളും വെട്ടുന്നു. അവസാനം വിജയഭാവത്തോടെ കടയും വെട്ടുന്നു. മരത്തിന്റെ ആർത്തനാദം. യുവാവ് സന്തോഷത്തോടെ രംഗം വിടുന്നു. അവിടെ അവശേഷിക്കുന്നത് മരക്കുറ്റി മാത്രം.

മരക്കുറ്റി : മനുഷ്യൻ: മനോഹരമായൊരീ പ്രപഞ്ചത്തിൽ
മകനെന്നോർത്തെൻ മനമവനു കൊടുത്തൂ ഞാൻ.
മധുരക്കനിയുണ്ടു മാനസം വളരേണ്ടോൻ
മറന്നൂ സ്വയം, ലാഭക്കൊതിതൻ മഴു വീശി
മരമോരോന്നും വെള്ളിനാണ്യമായ് മാറീടുമ്പോൾ
മരണം ചിരിക്കുന്നു; മനുഷ്യാ, കരയും നീ.

**മൂന്ന്**

യുവാവ് ഇപ്പോൾ പടുവൃദ്ധനായിരിക്കുന്നു. തളർന്ന് അവശനായ അയാൾ മരക്കുറ്റിക്കു സമീപമെത്തി മരക്കുറ്റി യെയും അന്തരീക്ഷത്തെയും മാറിമാറി നോക്കുന്നു.

മരക്കുറ്റി : നിന്റെ മോഹങ്ങൾ സാക്ഷാൽക്കരിച്ചില്ലേ? പിന്നെന്തിനീ ദു:ഖം?

മനുഷ്യൻ : കരിഞ്ഞുകിടക്കുന്ന നെൽപ്പാടങ്ങൾ, കലങ്ങിക്കിടക്കുന്ന നദികൾ, കരഞ്ഞുവീർത്ത കണ്ണുകൾ, ചിറകറ്റു വീഴുന്ന സ്വപ്നങ്ങൾ.... കണ്ണീരിന്റെ നനവുപോലുമില്ലാത്ത ഉഷ്ണക്കാറ്റ്! ആവൂ... വയ്യ! വയ്യ!

മരക്കുറ്റി : മനുഷ്യൻ ദുരിതങ്ങൾ സ്വയം സൃഷ്ടിക്കുന്നു. ഒപ്പം, നിഷ്കളങ്കമായ പ്രകൃതിയെ മുറിപ്പെടുത്തുന്നു.

മനുഷ്യൻ : ആരും ആരെയും മുറിപ്പെടുത്താത്ത ഒരു ലോകത്തെക്കുറിച്ച് ഞാൻ കേട്ടിട്ടുണ്ട്. പക്ഷേ, എന്റെ ലാഭ ക്കൊതിയരായ കൂട്ടുകാർ, മനുഷ്യർ, മുറിവുകളുടെ അഗ്നിപ്പുരയ്ക്ക് തീ കൊളുത്തിയിരിക്കുന്നു. ഞാനുമതിൽ വെന്തു നീറുന്നു.

മരക്കുറ്റി : അതേ, ആ ലാഭക്കൊതിയാണ് എന്നെ നശിപ്പിച്ചത്.

മനുഷ്യൻ : (മരക്കുറ്റിയെ കെട്ടിപ്പിടിച്ച്) കാലം വേർപെടുത്തിയ നമുക്ക് ഇനിയും ഒത്തുചേരാം. നാം തുല്യ ദു:ഖിത രാണ്. ഇനിയും വറ്റിക്കഴിയാത്ത ഇച്ഛാശക്തിക്ക് തീ കൊളുത്താം.

...................................

- ഈ നാടകാവിഷ്കരണത്തിൽനിന്ന് അഭിനയത്തിൽ മികവുള്ളവരെ കണ്ടെത്താം.
- നാടകം കണ്ടു വിലയിരുത്തിയ കുട്ടികൾ അവരുടെ അനുഭവക്കുറിപ്പ് എഴുതട്ടെ. ഈ കുറിപ്പുകൾ മാസികാശേഖരത്തിലേക്ക് മാറ്റിവയ്ക്കണം.
- ശാസ്ത്ര-പരിസ്ഥിതി ക്ലബ്ബുകളും സാഹിത്യവേദിയും സംയുക്തമായി സ്കൂൾതല പരിസ്ഥിതി ദിനാചരണപരി പാടികൾ ആസൂത്രണം ചെയ്യണം. ആ സംഗമത്തിൽ കവിതാലാപനവും നാടകാവിഷ്കാരവും ഉൾപ്പെടുത്താം.

**ജൂൺ 19 – ജൂലൈ 2 : വായനാപക്ഷാചരണം** (ജൂലൈ 4 ബഷീർദിനം വരെ ആകാം)

## *വായനായനം*

**പി.എൻ.പണിക്കർ – ചുമർ പത്രം**

- പി.എൻ.പണിക്കരുടെ ജീവചരിത്രസംഗ്രഹം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.
- (കേരള ഭാഷാ ഇൻസ്റ്റിട്യൂട്ട് പ്രസിദ്ധീകരിച്ച ഡോ.ഗോപി പുതുക്കോടിന്റെ 'പി.എൻ.പണിക്കർ' എന്ന ജീവചരിത്രകൃതിയിൽനിന്ന് സംഗ്രഹിച്ചത്. പുസ്തകം ഇപ്പോൾ ഭാഷാ ഇൻസ്റ്റിട്യൂട്ടിൽ കിട്ടും. വില 30 രൂപ).
- ജൂൺ 19 ന് ഈ കുറിപ്പ് ക്ലാസിലെ ഗ്രൂപ്പുകളിൽ വായനയ്ക്കും ചർച്ചയ്ക്കും നൽകണം. തുടർന്ന് ഓരോ ഗ്രൂപ്പും പി.എൻ.പണിക്കരെക്കുറിച്ച് ഒരു ചുമർ പത്രം തയ്യാറാക്കട്ടെ. പി.എൻ.പണിക്കർ, ഗ്രന്ഥശാലാ പ്രസ്ഥാനം, വായനാദിനം തുടങ്ങിയവയെക്കുറിച്ച് കുട്ടികൾ ശേഖരിച്ച പത്രവാർത്തകൾ, ചിത്രങ്ങൾ, കുറിപ്പുകൾ തുടങ്ങിയവയും ചുമർപത്രത്തിൽ ചേർക്കാം. കുട്ടികളുടെ എഴുത്തായിരിക്കണം മുന്നിട്ടുനിൽക്കേണ്ടത്. പത്രത്തിന് സ്വന്തമായ പേരു നൽകാൻ നിർദ്ദേശിക്കണം.
- അടുത്ത ദിവസം എല്ലാ ക്ലാസിലെയും ചുമർപത്രങ്ങൾ സ്കൂൾതലത്തിൽ പൊതുവായി പ്രദർശിപ്പിക്കുകയും തെരഞ്ഞെടുത്ത കുട്ടികളുടെ ഒരു സംഘം ഇവ വിലയിരുത്തി മികച്ച ചുമർപത്രങ്ങൾ കണ്ടെത്തുകയുമാവാം.

**പ്രതിദിനം ഒരു പുസ്തകം – പുസ്തകപരിചയം**

- സ്കൂൾ അസംബ്ലിയിൽ ജൂൺ 19 മുതൽ ആഗസ്റ്റ് 1 വരെ ഒരു പുസ്തകം പരിചയപ്പെടുത്തണം. മലയാളഭാഷയിലെ പ്രമുഖ കൃതികളെ പരിചയപ്പെടുന്നതിനുള്ള അവസരമായി ഇത് പ്രയോജനപ്പെടണം. എഴുത്തച്ഛൻ, ചെറുശ്ശേരി, കുഞ്ചൻ നമ്പ്യാർ, ആശാൻ, വള്ളത്തോൾ, തകഴി, ബഷീർ തുടങ്ങിയവരുടെ കൃതികൾ ഉൾപ്പെടുത്താം.
- ക്ലാസിൽ ചില രചനകളുടെ വായനയും ആസ്വാദനവും എല്ലാ ദിവസവും നടക്കണം. ഉൾപ്പെടുത്താവുന്ന ചില രചനകളുടെ പേര് അനുബന്ധമായി ചേർക്കുന്നു. ലഭ്യതയ്ക്കനുസരിച്ച് മാറ്റങ്ങളാകാം. കഴിയുമെങ്കിൽ ചെറിയ രചനകളോ, രചനാഭാഗങ്ങളോ ആകുന്നത് വായനയെ സഹായിക്കും. കഥ, കവിത, നോവൽ, യാത്രാവിവരണം, ആത്മകഥ, അനുഭവം തുടങ്ങിയ വിവിധ സാഹിത്യവിഭാഗങ്ങൾ പരിഗണിക്കുക.
- സ്കൂൾതലത്തിലും സാഹിത്യവേദിയുടെ പ്രത്യേക യോഗങ്ങൾ ചേർന്നും ക്ലാസിലെ ഭാഷാ പിരിയഡുകളും സർഗ്ഗവേളകളും പ്രയോജനപ്പെടുത്തിയും ഈ പ്രവർത്തനം നടക്കണം.

**എന്റെ വായന ഇന്ന് – ഡയറി**

- 'എന്റെ വായന ഇന്ന്' എന്ന പേരിൽ ഈ ദിവസങ്ങളിൽ എല്ലാ കുട്ടികളും അവർക്ക് ലഭിച്ച വായനാനുഭവങ്ങളെ കേന്ദ്രീകരിച്ച് ഡയറി എഴുതുകയും അവയിൽ രണ്ടോ മൂന്നോ കുറിപ്പുകൾ എല്ലാ ദിവസവും ക്ലാസിൽ വായിക്കുകയും വേണം. ക്ലാസ് തലത്തിലും സ്കൂൾ/സാഹിത്യവേദി തലത്തിലും മികച്ച ഡയറിക്കുറിപ്പുകൾ ചേർത്ത് ഒരു 'വായനാഡയറിപ്പതിപ്പ്' വായനായനത്തിന്റെ സമാപനത്തിൽ തയ്യാറാക്കണം.
- വ്യക്തിഗത വായനാഡയറിക്കുറിപ്പ് അവരുടെ മാസികാശേഖരത്തിലേക്ക്.

**പുസ്തകപ്രദർശനം**

- സ്കൂൾതലത്തിൽ പുസ്തകപ്രദർശനം ഒരുക്കണം. ഇതിന് നല്ല മുന്നൊരുക്കങ്ങൾ ആവശ്യമാണ്.
- സ്കൂൾ / ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ തരംതിരിച്ച് പ്രദർശിപ്പിക്കണം.
- തെരഞ്ഞെടുത്ത എണ്ണം പുസ്തകങ്ങളെ (നൂറോ അതിലധികമോ) പരിചയപ്പെടുത്തുന്ന വായനക്കാർഡുകൾ A3 വലിപ്പത്തിൽ തയ്യാറാക്കി പുസ്തകപ്രദർശനത്തിൽ ഉൾപ്പെടുത്തണം.
- ഈ കാർഡുകൾ കുട്ടികളുടെ സംഘങ്ങളാണ് തയ്യാറാക്കേണ്ടത്. പുസ്തകത്തിന്റെ പുറംചട്ടയുടെ ചിത്രം ചെറുതായി പ്രിന്റെടുത്ത് അത് വായനക്കാർഡിൽ ഒട്ടിച്ചുചേർത്താൽ നന്ന്.
- പരമാവധി രക്ഷിതാക്കൾ പുസ്തകപ്രദർശനത്തിനെത്തണം. അതിനുവേണ്ട പ്രവർത്തനം പി.ടി.എ.യുമായി ചേർന്ന് നടപ്പാക്കാം.


**സഞ്ചരിക്കുന്ന ലൈബ്രറി**

- വായനായനത്തിന്റെ ഭാഗമായി സ്കൂളിൽ ഒരു സഞ്ചരിക്കുന്ന ലൈബ്രറി സജ്ജീകരിക്കണം.
- ഒരു ചെറിയ ട്രോളി ഇതിനുവേണ്ടി വാങ്ങാൻ പി.ടി.എ.യ്ക്ക് കഴിയും.

- ഓരോ ദിവസവും ക്ലാസ്മുറികളിലേയ്ക്ക് സഞ്ചരിക്കുന്ന ലൈബ്രറി മുൻകൂട്ടി നിശ്ചയിച്ച സമയത്ത് (ഉച്ചയ്ക്ക് ഇന്റർവെൽ ആണ് ഏറ്റവും യോജിച്ചത്) ക്ലാസുകളിൽ എത്തണം. സമയപരിധിക്കകത്ത് പൂർത്തിയാക്കാവുന്ന വിധം ഇന്ന ക്ലാസ് ഇന്ന ദിവസം എന്ന നിലയിൽ റൂട്ട് നിശ്ചയിക്കണം.
- ട്രോളിയിൽ പുസ്തകം നിറയ്ക്കൽ, ട്രോളിയുടെ നിയന്ത്രണം, പുസ്തകം വിതരണം ചെയ്യൽ, വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തൽ, മുൻദിവസം കൊടുത്ത പുസ്തകം തിരിച്ചുവാങ്ങൽ തുടങ്ങിയവയ്ക്കെല്ലാം കുട്ടികളെ ചുമതലപ്പെടുത്തണം.
- ഓരോ ദിവസവും ഓരോ ക്ലാസ്സിലെ കുട്ടികൾക്ക് ചുമതല നൽകാം.
- ഈ സഞ്ചരിക്കുന്ന ലൈബ്രറി വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനമായി മാറ്റാം.

**ക്ലാസ് വായനാമരം**

ക്ലാസ് ചുമരിൽ വലിയൊരു ചാർട്ട് പേപ്പറിൽ നിറയെ കൊമ്പുകളുള്ള ഒരു വായനാമരം. ഓരോ ദിവസവും ഒന്നോ രണ്ടോ കുട്ടികൾക്ക് അവർ വായിച്ച പുസ്തകത്തിന്റെ പേര് ഒരു ഇല വരച്ചുചേർത്ത് ആ ഇലയ്ക്കുള്ളിൽ എഴുതാം. മരത്തിന്റെ കടയ്ക്കൽ വായിച്ച കുട്ടിയുടെ പേരുംഎഴുതണം. ആവർത്തനം ഒഴിവാക്കണം. ഓരോ ദിവസവും ഇലകൾ കൂട്ടിച്ചേർക്കണം. വായനായനം പൂർത്തിയാകുമ്പോൾ നിറയെ പുസ്തകയിലകളുള്ള ഒരു വായനാമരം തയ്യാർ.



**ഗ്രന്ഥശാലാ സന്ദർശനം**

സ്കൂളിനടുത്തുള്ള ഗ്രന്ഥശാല / വായനശാല സന്ദർശിക്കൽ. അവിടെ സ്ഥിരമായി എത്തുന്ന വായനക്കാരോടുള്ള അഭിമുഖവും അവരുടെ വായനാനുഭവങ്ങൾ പങ്കുവെയ്ക്കലും. സ്കൂൾ ലൈബ്രറിയിലില്ലാത്ത പുസ്തകങ്ങൾ പരിചയപ്പെടൽ, അംഗത്വമെടുക്കൽ തുടങ്ങിയവ വായനായനത്തിന്റെ ഭാഗമായി നടത്താൻ ശ്രമിക്കണം.

**അമ്മവായന**

- അമ്മമാരുടെ / രക്ഷിതാക്കളുടെ വായനക്കൂട്ടായ്മയ്ക്ക് തുടക്കം.
- അവർക്ക് സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ വായിക്കാൻ അവസരമൊരുക്കൽ.
- അവരുടെ വായനാനുഭവങ്ങൾ സ്കൂൾ അസംബ്ലിയിലോ സാഹിത്യവേദിയിലോ അവതരണം.
- അമ്മമാരുടെ/രക്ഷിതാക്കളുടെ/വീട്ടിലെ മറ്റു മുതിർന്നവരുടെ വായനക്കുറിപ്പുകൾ കുട്ടികൾ അവരുടെ കൈയെഴുത്തുമാസികയ്ക്കായി ശേഖരിക്കൽ.

<u>വായനായനത്തിൽ പ്രയോജനപ്പെടുത്തേണ്ട ചില രചനകൾ</u>

(പുസ്തകങ്ങളിൽനിന്ന് തെരഞ്ഞെടുത്ത ഭാഗങ്ങളുടെ പേജ് നമ്പർ ചേർത്തിരിക്കുന്നു. ഈ പേജുകൾ ഫോട്ടോകോപ്പി എടുത്ത് കുട്ടികൾക്ക് നൽകാം.)

1. **ടോട്ടോ ചാൻ** (തെത്സുകോ കുറോയാനഗി - നാഷണൽ ബുക് ട്രസ്റ്റ്, വില 120 രൂപ) 1,2,3 അധ്യായങ്ങൾ
2. **റിയാന്റെ കിണർ** (അബ്ദുള്ളക്കുട്ടി എടവണ്ണ - മാതൃഭൂമി ബുക്സ്, വില 50 രൂപ) പേജ് 9-21
3. **എന്റെ കുട്ടിക്കാലം** (ചാർലി ചാപ്ളിൻ - മാതൃഭൂമി ബുക്സ്, വില 100 രൂപ) പേജ് 18-34
4. **ഹാപ്പി പ്രിൻസ്** (ഓസ്കാർ വൈൽഡ് - മാതൃഭൂമി ബുക്സ്, വില 50 രൂപ) പേജ് 9-27, 40-48 (ഹാപ്പി പ്രിൻസ്, സ്വാർത്ഥിയായ രാക്ഷസൻ എന്നീ കഥകൾ)
5. **പച്ചക്കുതിരയുടെ പാട്ട്** (ഇ.ജിനൻ - കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിട്യൂട്ട്, വില 30 രൂപ) പേജ് 22,23 (തുറന്ന പുസ്തകം എന്ന കവിത) - അനുബന്ധം 2 നോക്കുക.
6. **ഭൂമിയുടെ അവകാശികൾ** (ബഷീർ - ഡീസി ബുക്സ്, വില 30 രൂപ) പേജ് 43-51 (എന്റെ ഉമ്മ എന്ന കഥ)
7. **അക്കിത്തത്തിന്റെ കുട്ടിക്കവിതകൾ** (അക്കിത്തം കവിതകൾ സമ്പൂർണ്ണം, മാതൃഭൂമി ബുക്സ്) മഴക്കാറിനോട് (പേജ് 668), കണ്ണട വേണ്ടേ? (പേജ് 708-710) അനുബന്ധം 2 നോക്കുക.
8. **മൊട്ടിടുന്ന കുട്ടിസ്സാഹിത്യം** (കുട്ടികളുടെ രചനാസമാഹാരം - കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, വില 150 രൂപ) പേജ് 70-71 (ആകാശക്കാഴ്ച - നന്ദന ടി.ഒ.), പേജ് 47 (ചരടു പൊട്ടിച്ച ബലൂൺ - അപർണ ചിത്രകം), പേജ് 83 (സുന്ദരമീ ലോകം - നീരജാ പ്രേംനാഥ്), പേജ് 97-98 (മുട്ടായിമരം - കവിത മനോഹർ), പേജ് 105-106 (കടൽ-സിജിൻ.കെ.), പേജ് 110 (കാണാത്തത് - ശ്രീവേണി എം.ഡി.), പേജ് 150 (രണ്ടു കവിതകൾ - അഞ്ജലി എം.), പേജ് 193 (കുട വലുതാകണേ...-അനന്യ എസ്.), പേജ് 201 (സൗഹൃദം - സീനത്ത് എ.), പേജ് 208 (അരുത് - വിനീത കെ.), മുള കാത്ത് (അഭിരാമി) അനുബന്ധം 2 നോക്കുക.
9. **പിരിയാത്ത കുട്ടി** (അശ്വതി ജി.ആർ., ഋതു ബുക്സ്, ശ്രീകൃഷ്ണപുരം, വില 90 രൂപ) പേജ് 18, 33, 39 (അവൻ, ആഴ്ചക്കാഴ്ച, പിരിയാത്ത കുട്ടി എന്നീ കവിതകൾ) അനുബന്ധം 2 നോക്കുക.
10. **ജീവിതം എന്ന അത്ഭുതം** (ഡോ.വി.പി.ഗംഗാധരൻ, ഡീസി ബുക്സ്, വില 110 രൂപ) പേജ് 73-78, 103-109, 196 -203 (പെയ്യാത്ത മഴ, ചിന്നംചിറു കിളിയേ കണ്ണമ്മാ..., മരണമില്ലാത്ത സുമി എന്നീ 3 അധ്യായങ്ങൾ)

കുറിപ്പ് : മുകളിൽ സൂചിപ്പിച്ച രചനകളിൽ ചിലത് അനുബന്ധമായി കൊടുത്തിട്ടുണ്ട്. മറ്റുള്ളവ ലൈബ്രറിയിൽനിന്ന് കണ്ടെത്തുക.

- ➢ വായന, കഥ പറയൽ, കവിതാലാപനം, ആസ്വാദനക്കുറിപ്പുകൾ, ദൃശ്യാവിഷ്കാരം, ചിത്രരചന, കഥാരചന, കവിതാരചന എന്നിവയ്ക്കെല്ലാം യോജിച്ച അനുഭവങ്ങൾ കുട്ടികൾക്കു ലഭിക്കാൻ സഹായിക്കുന്ന വായനാവിഭവങ്ങളാണ് ഇവിടെ നിർദ്ദേശിച്ചിട്ടുള്ളത്. ഇവ ലഭിക്കാൻ ബുദ്ധിമുട്ടേർപ്പെടുന്ന സാഹചര്യത്തിൽ സമാനമായ മറ്റു രചനകളും വായനയ്ക്കായി നൽകണം.
- ➢ സംഘവായനയും സംഘപ്രതികരണവും പ്രോത്സാഹിപ്പിക്കണം.
- ➢ ക്ലാസ്തലത്തിലും സ്കൂൾതലത്തിലും പരമാവധി സർഗ്ഗാവിഷ്കാരങ്ങൾക്ക് അവസരം നൽകാൻ വായനാപക്ഷാചരണം പ്രയോജനപ്പെടുത്തുമല്ലോ.
- ➢ രൂപപ്പെടുന്ന ആസ്വാദനക്കുറിപ്പ്, കഥ, കവിത, ചിത്രം ഇവയെല്ലാം കുട്ടികളുടെ വ്യക്തിഗത കൈയെഴുത്തുമാസികയിലേയ്ക്കുള്ള ഉത്പന്നങ്ങളായി മാറ്റിവെയ്ക്കണം. സംഘരചനകൾ അംഗങ്ങൾക്ക് പകർത്തിയെടുത്ത് അവരുടെ മാസികയിലേയ്ക്കുള്ള വിഭവമായി പരിഗണിക്കാം.
- ➢ പച്ചപ്പ്, വായനായനം എന്നീ രണ്ടു ദിനാചരണപ്രവർത്തനങ്ങളിലൂടെ സ്കൂൾ സർഗ്ഗോത്സവത്തിലേയ്ക്ക് ഓരോ ക്ലാസിൽനിന്നുമുള്ള പ്രതിനിധികളെ കണ്ടെത്താൻ കഴിയും. നാടൻപാട്ട് എന്ന ഇനത്തിനുമാത്രം സ്കൂൾതലത്തിൽ ക്ലാസുകളിൽനിന്ന് തത്പരരായ കുട്ടികളെ നേരിട്ടു കണ്ടെത്തിയാൽ മതിയാകും.

**ജൂലൈ 21 – ചാന്ദ്രദിനം**

## *അമ്പിളിക്കാലം*

ചന്ദ്രനുമായി ബന്ധപ്പെട്ട കവിതകളുടെയും കഥകളുടെയും വായനയും ചർച്ചയുമാണ് ചാന്ദ്രദിനത്തിൽ സാഹിത്യ വേദി ഏറ്റെടുക്കേണ്ടത്. ചന്ദ്രനെക്കുറിച്ചുള്ള കടങ്കഥകൾ, നാടോടിക്കഥകൾ തുടങ്ങിയവ പരിചയപ്പെടാനുള്ള അവസരവും വേണം.
ചന്ദ്രനെക്കുറിച്ചും നിലാവിനെക്കുറിച്ചും പരാമർശമുള്ള ചലച്ചിത്രഗാനങ്ങൾ (പ്രസക്തമായ വരികൾ) കുട്ടികൾ കണ്ടെത്തി അവതരിപ്പിക്കുന്ന പ്രവർത്തനത്തോടെ അമ്പിളിക്കാലത്തിന് തുടക്കമിടാം.

പതിവായി പൗർണ്ണമിതോറും പടിവാതിലിനപ്പുറമെത്തി
കണിവെള്ളരി കാഴ്ചവെയ്ക്കും കനകനിലാവേ! (പി.ഭാസ്കരൻ)

കരിമുകിൽക്കാട്ടിലെ രജനിതൻ മേട്ടിലെ
കനകാംബരങ്ങൾ വാടീ, കടത്തുവള്ളം യാത്രയായീ
കരയിൽ നീ മാത്രമായി (പി.ഭാസ്കരൻ)

ഗോപുരനടയിൽ വാസന്തചന്ദ്രൻ
ഗോരോചനക്കുറി വരച്ചു (പി.ഭാസ്കരൻ)

വെണ്ണിലാച്ചന്ദനക്കിണ്ണം പുന്നമടക്കായലിൽ വീണേ
കുഞ്ഞിളംകൈകൾ കൊണ്ട് കോരിയെടുക്കാൻ വാ...

ഇതുപോലെ പഴയതും പുതിയതുമായ ഗാനശകലങ്ങളെല്ലാം കുട്ടികൾ പാടി അവതരിപ്പിക്കട്ടെ. തുടർന്ന് വയലാറിന്റെ 'തങ്കത്താഴികക്കുടമല്ല...' എന്ന സിനിമാഗാനം പരിചയപ്പെടുത്തുന്നു. (ഓഡിയോ ലഭ്യമാണെങ്കിൽ ഉപയോഗിക്കുക-പേൾവ്യൂ എന്ന ചിത്രത്തിൽ യേശുദാസ് പാടിയത്; സംഗീതം ജി.ദേവരാജൻ. യു-ട്യൂബിൽ ഉണ്ട്)

തങ്കത്താഴികക്കുടമല്ല
താരാപഥത്തിലെ രഥമല്ല
ചന്ദ്രബിംബം കവികൾ പുകഴ്ത്തും
സ്വർണ്ണമയൂരമല്ല.

കസ്തൂരിമാനില്ല കല്ലോലിനിയില്ല
കല്പകത്തളിർമരത്തണലില്ല
ഏതോ വിരഹത്തിന്നിരുൾവന്നു മൂടുമൊ-
രേകാന്തശൂന്യതയല്ലോ – അവിടെയൊ-
രേകാന്ത്യശൂന്യതയല്ലോ.

കർപ്പൂരശിലയില്ല കദളീവനമില്ല
കാറ്റിന്റെ ചിറകടിയൊച്ചയില്ല
ഏതോ പ്രണയത്തിൻ കഥയോർത്തു നില്ക്കുമൊ-
രേകാന്തമൂകതയല്ലോ – അവിടെയൊ-
രേകാന്തമൂകതയല്ലോ.

- ഈ ഗാനവും ചന്ദ്രനെക്കുറിച്ചുള്ള മറ്റു ഗാനങ്ങളും തമ്മിലുള്ള വ്യത്യാസം (ആശയപരം) ചർച്ച ചെയ്തുകൊണ്ട് വയലാർ ശാസ്ത്രതത്ത്വങ്ങളെ തന്റെ കവിതകളിലെന്നപോലെ ഗാനങ്ങളിലും ഉൾക്കൊള്ളിച്ചിരുന്നു എന്ന വസ്തുത കുട്ടികൾ തിരിച്ചറിയുന്നതിലേയ്ക്ക് ഈ പ്രവർത്തനത്തെ നയിക്കണം.
- ആശാന്റെ 'അമ്പിളി', വൈലോപ്പിള്ളിയുടെ 'ചന്ദ്രന്റെ ചിരി', രവീന്ദ്രനാഥ ടാഗൂറിന്റെ 'വാനജ്ഞൻ' (വിവർത്തനം കെ.വി.സുരേഷ്) കവിതയും കുട്ടികൾക്ക് വായിക്കാൻ നൽകാം. (അനുബന്ധം 3)
- കവിതകൾ ഗ്രൂപ്പുകളിൽ വായിച്ച് കുട്ടികൾ അവയോടു പ്രതികരിക്കട്ടെ. പറയാൻ അവസരം നല്കുകയാണ് ആദ്യം ചെയ്യേണ്ടത്. തുടർന്ന് എഴുത്തുമാകാം.
- ആശാന്റെയും വൈലോപ്പിള്ളിയുടെയും കവിത ആലാപനത്തിന് പ്രയോജനപ്പെടുത്താം.
- ആശാന്റെ കവിതയും ടാഗൂറിന്റെ കവിതയും തമ്മിൽ താരതമ്യം ചെയ്യാനവസരം. കുറിപ്പെഴുതൽ..


- കുട്ടികൾ ശേഖരിക്കുന്ന നാടോടിക്കഥകളും നാടൻപാട്ടുകളും കടംകഥകളും ക്ലാസിൽ പൊതുവായി പരിചയപ്പെടുത്തണം. ഓരോ കുട്ടിയും ശേഖരിച്ചവ അവരുടെ മാസികയിലേയ്ക്ക്.
- 'ചന്ദ്രനും നിലാവും ഉള്ള രാത്രി' ഒരു ആശയമായെടുത്ത് ചിത്രരചന നടത്താം.
- വ്യക്തിഗതരചനകൾ കൈയെഴുത്തുമാസികയ്ക്കായുള്ള ശേഖരത്തിലേയ്ക്ക്

## ആഗസ്റ്റ് 6 മുതൽ 15 വരെ - ഹിരോഷിമ-നാഗസാകി ദിനങ്ങൾ, ക്വിറ്റ് ഇന്ത്യാ ദിനം, സ്വാതന്ത്ര്യദിനം

## *സ്വാതന്ത്ര്യപ്പുലരി*

ഹിരോഷിമാദിനവും നാഗസാകി ദിനവും യുദ്ധത്തിനെതിരായ സാഹിത്യരചനകൾ വായിക്കാനും രചിക്കാനുമുള്ള അവസരങ്ങളായി മാറണം. സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥമൂല്യങ്ങളിലേയ്ക്കും വിവിധ മേഖലകളിൽ നടക്കുന്ന സ്വാതന്ത്ര്യനിഷേധത്തെക്കുറിച്ചുള്ള തിരിച്ചറിവിലേയ്ക്കും കുട്ടികളെ നയിക്കുന്ന വായനാപ്രവർത്തനങ്ങളാണ് ക്വിറ്റ് ഇന്ത്യാ ദിനം മുതൽ ഒരാഴ്ചക്കാലം നടക്കേണ്ടത്. യുദ്ധത്തിനെതിരായ ചിന്തയും സ്വാതന്ത്ര്യത്തിനുള്ള അഭിവാഞ്ഛയും പരസ്പരബന്ധമുള്ളവയാണ് എന്ന ആശയം കുട്ടികളിൽ എത്തുന്ന തരത്തിൽ ക്ലാസ്തല പ്രവർത്തനങ്ങളും സ്കൂൾതല പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യണം. സർഗ്ഗാത്മകരചനകൾ, പ്രഭാഷണം, ആലാപനം, ദൃശ്യാവിഷ്കാരം, ചിത്രരചന, ചുമർപത്ര നിർമ്മാണം തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾക്ക് സാധ്യതയുള്ള ആശയങ്ങളാണ് യുദ്ധവും, സ്വാതന്ത്ര്യവും.
തന്റെ നേർക്കു തിരിഞ്ഞ ക്യാമറ കണ്ടു തോക്കാണെന്നു കരുതി പേടിച്ച പെൺകുട്ടിയുടെ ചിത്രം ക്ലാസിൽ പ്രദർശിപ്പിക്കുന്നു. (ചിത്രം പ്രിന്റെടുത്തോ ലാപ്ടോപ്/പ്രൊജക്റ്റർ ഉപയോഗിച്ചോ കുട്ടികൾക്ക് കാണാൻ സൗകര്യം ഉണ്ടാക്കണം)

**ചിത്രവായന**




- കുട്ടികൾ പ്രതികരിക്കട്ടെ. സവിശേഷ പ്രതികരണങ്ങൾ ക്ലാസിന്റെ പൊതുശ്രദ്ധയിൽ കൊണ്ടുവരണം.
- ഈ കുട്ടിയുടെ മുഖം നിങ്ങളിൽ എന്തെല്ലാം തോന്നലുകൾ ഉണ്ടാക്കി?

- ഈ കുട്ടിക്ക് നമ്മളോട് എന്തെല്ലാം പറയാനുണ്ടാകും?
- എന്താവും ഈ കുട്ടിയുടെ ജീവിതസാഹചര്യം?

എഴുതിനോക്കൂ...

- എല്ലാവർക്കും എഴുതാനുള്ള അവസരം. എഴുത്തിൽ ശേഷി കുറവായ കുട്ടികൾക്ക് പറയാൻ അവസരം നൽകി ടീച്ചറോ മറ്റു കുട്ടികളോ അത് എഴുതിയെടുക്കണം.
- തയ്യാറാക്കിയ കുറിപ്പുകളുടെ വായന, ചർച്ച, മെച്ചപ്പെടുത്തൽ. കുറിപ്പുകൾ മാസികാശേഖരത്തിലേയ്ക്ക്...

**കവിതാ വിവർത്തനം**

ഈ കൊച്ചുകവിത വായിക്കൂ. (ഏതെങ്കിലും ഒരെണ്ണം)

When I walk through the fields and
See dead bodies,
I feel loneliness.
The houses are wrecked
Most of the people have fled
I am the only one left.
I walk in this world thinking of old times,
of jolly times,
But that is past.
I now have to walk towards the future.

**OR**

Rivers of blood, filled with innocent souls
No food on our plates, or cereal in our bowls.
We fight for freedom, lives lost every day.
The battlefield painted red, with skies lonely and grey.

- ടീച്ചർ പല തവണ വായിക്കുകയും അർത്ഥം മനസ്സിലാകാൻ ബുദ്ധിമുട്ടുള്ള പദങ്ങൾ വിശദീകരിക്കുകയും ചെയ്യുന്നു.
- ഈ കവിത നമുക്ക് മലയാളത്തിലെഴുതിയാലോ?
- 4-5 പേരുള്ള ഗ്രൂപ്പുകളായി തിരിഞ്ഞ് കവിത മലയാളത്തിലാക്കുന്നു.
- ഗ്രൂപ്പുകളുടെ അവതരണം.
- ചർച്ചയിലൂടെ മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളുമെല്ലാം നടത്തി ക്ലാസിന്റെ ഒരു പൊതുരചനയാക്കി മാറ്റുന്നു.
- ഇംഗ്ലീഷിലുള്ള കവിതയും ഗ്രൂപ്പുകളിൽ മെച്ചപ്പെടുത്തിയ വിവർത്തനവും മാസികാശേഖരത്തിലേയ്ക്ക്.

**യുദ്ധവിരുദ്ധ പോസ്റ്റർ**

- മുൻ പ്രവർത്തനത്തിൽ രൂപപ്പെട്ട കവിത എഴുതിയ യുദ്ധവിരുദ്ധ പോസ്റ്ററുകൾ ഗ്രൂപ്പുകളിൽ തയ്യാറാക്കുന്നു. പോസ്റ്ററിൽ ചിത്രങ്ങൾ വരച്ചു ചേർക്കുകയും യുദ്ധവിരുദ്ധ മുദ്രാവാക്യങ്ങളെഴുതുകയുമാവാം. (എ-3 പേപ്പറുകൾ ഉപയോഗിക്കുക)
- പോസ്റ്ററുകൾ സ്കൂൾതലത്തിൽ പ്രദർശനവും പൊതുസ്ഥലങ്ങളിൽ പതിക്കലും.

സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട കവിതകളുടെയും മറ്റു സാഹിത്യരചനകളുടെയും വായനയും സ്വാതന്ത്ര്യദിനപ്പതിപ്പ് തയ്യാറാക്കലുമാണ് ക്ലാസ്തല സാഹിത്യവേദി പ്രവർത്തനങ്ങളിൽ ഉൾപ്പെടേണ്ടത്.

**സ്വാതന്ത്ര്യസമരം - വള്ളത്തോൾക്കവിതാ പരിചയം**

- സ്വാതന്ത്ര്യസമരവും ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട വള്ളത്തോൾക്കവിതകളുടെ വായനയും ചർച്ചയും.

- മാതൃഭൂമിയോട്, കർമ്മഭൂമിയുടെ പിഞ്ചുകാൽ, നമ്മുടെ മറുപടി, ഖാദിവസനങ്ങൾ കൈക്കൊൾവിനേവരും, പോരാ പോരാ എന്നീ കവിതകളിലെ ചില ഭാഗങ്ങൾ കുട്ടികൾ സംഘമായി വായിക്കുകയും ക്ലാസിൽ പൊതുവായി ചൊല്ലിയവതരിപ്പിക്കുകയും ചെയ്യുന്നു. (കവിതാഭാഗങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)
- ക്ലാസിലെ മികച്ച കവിതാലാപനശേഷിയുള്ളവരെ കുട്ടികൾ കണ്ടെത്തട്ടെ. അത്തരം 5–6 കുട്ടികളുടെ ഗ്രൂപ്പ് സ്വാതന്ത്ര്യദിനത്തിന് ഒരു വള്ളത്തോൾക്കവിത സ്കൂളിലെ പൊതുപരിപാടിയിൽ അവതരിപ്പിക്കണം.

**സ്വാതന്ത്ര്യം – കവിതകളുടെ വായന**

സ്വാതന്ത്ര്യംതന്നെയമൃതം
സ്വാതന്ത്ര്യംതന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം!

കുമാരനാശാന്റെ ഈ വരികൾ സ്വാതന്ത്ര്യത്തെക്കുറിച്ച് എന്തെല്ലാം പറയുന്നുണ്ട്?
കുട്ടികൾ അവരുടെ കണ്ടെത്തലുകൾ പറയുന്നു. പ്രധാന വസ്തുതകൾ ബോർഡിൽ / ചാർട്ടിൽ എഴുതി ക്ലാസിനു പൊതുവായി വായിക്കാൻ അവസരം നൽകുന്നു.

തുടർന്ന് വീരാൻകുട്ടി എഴുതിയ ''പാഠം ഒന്ന് – സ്വാതന്ത്ര്യം'' എന്ന കവിത ഗ്രൂപ്പിൽ വായിക്കാൻ നൽകുന്നു.

**പാഠം ഒന്ന് – സ്വാതന്ത്ര്യം**

വീരാൻകുട്ടി

തെളിച്ചമുള്ള ഒരു മുഖമെങ്കിലും കാണണേ
ഉശിരുള്ള ഒരു ചലനമെങ്കിലും ഉണ്ടാവണേ
എന്നു കരുതിയാണ്
ഓരോ വട്ടവും മൃഗശാല കാണാൻ പോവുക.
എങ്കിലും
അതേ മന്ദിച്ച കിടപ്പുകൾ,
എവിടേയ്ക്കുമല്ലാത്ത ചില കുറുകിയ നടത്തകൾ,
മിക്കവാറും നിലച്ച ചില ഇഴച്ചിലുകൾ,
ഉയരം കുറഞ്ഞ പറക്കങ്ങൾ,
പഴക്കം വന്ന വീർപ്പുകൾ,
ചത്ത നോട്ടങ്ങൾ,
കണ്ട് തിരിച്ചുപോരും.

ഇത്തവണയാണ് ശ്രദ്ധിച്ചത് :
മൃഗശാലയിൽ
മറ്റുചിലർകൂടിയുണ്ട്;
അവിടത്തെ രജിസ്റ്ററിൽ ഇല്ലാത്തവ.
കൊമ്പിൽനിന്നും കൊമ്പിലേയ്ക്കു
കുതിക്കുന്ന അണ്ണാൻ,
ആകാശത്തോളം ചെല്ലുന്ന കാക്ക,
പാട്ടെറിഞ്ഞുപോകും കുയിൽ,
ഊയലാടുന്ന പച്ചിലപ്പാമ്പുകൾ....
അവർ
കൂട്ടിലെ സിംഹത്തിനും
കമ്പിവേലിയ്ക്കകത്തെ കിളികൾക്കും
പാഠം ഒന്ന് – സ്വാതന്ത്ര്യം എന്നു
സോദാഹരണം ക്ലാസെടുക്കുന്നത്
കണ്ടുനിന്നു.

ഈ കവിതയിൽ എന്തിനെക്കുറിച്ചാണ് പറയുന്നത്?
ഈ കവിതയിലൂടെ സ്വാതന്ത്ര്യത്തെക്കുറിച്ച് നിങ്ങൾക്കു കിട്ടിയ പുതിയ അറിവെന്താണ്?
യഥാർത്ഥ സ്വാതന്ത്ര്യം എന്താണ്?

- ചർച്ചയിൽ എല്ലാ കുട്ടികളും പങ്കെടുക്കുന്നുവെന്ന് ഉറപ്പു വരുത്തണം. വസ്തുതാപരമായി ശരിയല്ലാത്ത പരാമർശങ്ങളൊഴികെ മറ്റൊരഭിപ്രായവും തിരുത്തേണ്ടതില്ല.

- കുമാരനാശാന്റെ 'കൊച്ചുകിളി', ബാലാമണിയമ്മയുടെ 'വിട്ടയക്കുക' എന്നീ കവിതകളുടെ വായനകൂടി തുടർന്ന് നടത്തണം. ഈ രണ്ടു കവിതകളെയും താരമ്യംചെയ്ത് കുട്ടികൾ വ്യക്തിഗതമായി കുറിപ്പുകൾ തയ്യാറാക്കുന്നു. (എഴുതാൻ ബുദ്ധിമുട്ടുള്ളവരെ പ്രത്യേകം പരിഗണിക്കണം)
- പൊതുവായനയിലൂടെ സ്വന്തം കുറിപ്പ് മെച്ചപ്പെടുത്തി കൈയെഴുത്തുമാസികാശേഖരത്തിലേയ്ക്ക്.

**കൊച്ചുകിളി**

കുമാരനാശാൻ

ചൊല്ലുകെന്തു ചെറുപക്ഷി, നീ കളി-
ച്ചുല്ലസിപ്പതിതുപോലെയെപ്പൊഴും?
അല്ലൽ നീയറിയുകില്ലയോ, നിന-
ക്കില്ലയോ പറകെഴുത്തുപള്ളിയും?

കൊച്ചുശാഖകളിലാഞ്ഞിരിപ്പതും
പിച്ചിയന്നപടി പാടിടുന്നതും
ഇച്ഛപോലുയരെ നീ പറപ്പതും
മെച്ച,മിന്നിവയെനിക്കു കൂടുമോ?

കാലുയർത്തിയയി, കാറ്റിലാടുമൂ-
ഞ്ഞാലിൽ മേവി രസമേലുമെത്ര ഞാൻ!
നീലവിൺവഴി പറന്നെഴും സുഖം
ലോലമെയ്യിതിൽ നിനക്കൊതുങ്ങുമോ?

ചിത്രമിങ്ങു, പുഴ, കുന്നിവറ്റ തെ-
ല്ലത്തലെന്നി കിളി, നീ കടപ്പതും
എത്തി വൻമുതലമേലുമാനതൻ
മസ്തകത്തലുമിരുന്നിടുന്നതും!

ചേണിയന്ന ചിറകാർന്നൊരോമന-
പ്രാണി, നിൻ തടവകന്ന ലീലകൾ
കാണുകിൽക്കൊതി വരും - പഠിക്കുവാൻ
പോണു - കൊച്ചുകിളിയായതില്ല ഞാൻ!

**വിട്ടയയ്ക്കുക**

ബാലാമണിയമ്മ

വിട്ടയക്കുക കൂട്ടിൽനിന്നെന്നെ, ഞാ-
നൊട്ടു വാനിൽപ്പറന്നുനടക്കട്ടേ!
സുപ്രഭാതമടുത്തു നഭസ്സിലേ-
യ്ക്കുൽപ്പതിക്കുന്നു മാമക വർഗ്ഗക്കാർ.
കൊച്ചുപക്ഷിയാം ഞാനോ തമസ്സിൽത്താ-
നച്ഛമാമിപ്പുലർവെളിച്ചത്തിലും.
പഞ്ജരത്തിന്റെ ചുററഴിയോരോന്നു-
മെന്നെ നോക്കിച്ചിരിപ്പതായ്ത്തോന്നുന്നു.
മർത്ത്യർതൻ പരിലാളനമൊന്നുമെ-
ന്നുൾത്തടത്തിനു ശാന്തിയെ നൽകിടാ.
വിട്ടയച്ചാലുമെന്നെയിക്കൂട്ടിൽ നി-
ന്നൊട്ടു പാറിപ്പറക്കട്ടെ വാനിൽ ഞാൻ.

കാൺമതുണ്ടതാ തെല്ലകലത്തിലെൻ
ജന്മഭൂമിയാം കാനനം മോഹനം:
താമരമലർക്കൈയാൽത്തടാകങ്ങൾ
പ്രേമമോടെന്നെയങ്ങു വിളിക്കുന്നു;
പുൽത്തളിരുകൾ പൂന്തുകിൽ നെയ്യുന്നു,
പുഷ്പരാജികൾ പുഞ്ചിരിക്കൊള്ളുന്നൂ;
ആ ലസദ്വനത്തിന്നു മീതെയൊരു
നീലമേലാപ്പു കെട്ടിയ വാനിടം
കാത്തുനില്ക്കുന്നു സസ്നേഹമായെന്നെ
മൂർദ്ധനി മുകർന്നോമനിച്ചീടുവാൻ.
വിട്ടയയ്ക്കുക കൂട്ടിൽനിന്നെന്നെ, ഞാ-
നൊട്ടു പാറിപ്പറക്കട്ടെ വീണ്ടുമേ!

**സ്വാതന്ത്ര്യദിനപ്പതിപ്പ്**

- സ്കൂളിലെയും നാട്ടിലെയും ആദ്യകാല സ്വാതന്ത്ര്യദിനാഘോഷപരിപാടികളെക്കുറിച്ച് നാട്ടിലെ മുതിർന്ന വ്യക്തികളിൽ ഒന്നോ രണ്ടോ പേരുമായുള്ള അഭിമുഖം നടത്തി തയ്യാറാക്കുന്ന റിപ്പോർട്ടാകട്ടെ ഇക്കൊല്ലത്തെ സ്വാതന്ത്ര്യദിനപ്പതിപ്പിന്റെ പ്രധാന സവിശേഷത.
- ഓരോ ക്ലാസിലും ഇത്തരം അഭിമുഖങ്ങൾ നല്ല ആസൂത്രണത്തോടെ നടത്തണം. മൂന്നോ നാലോ പതിറ്റാണ്ടു മുമ്പത്തെ ആഘോഷങ്ങളുടെ അനുഭവമുള്ളവരെയാണ് അഭിമുഖത്തിന് ക്ഷണിക്കേണ്ടത്.
- ആദ്യ സ്വാതന്ത്ര്യദിനത്തെക്കുറിച്ചു പറഞ്ഞുതരാൻ കഴിവുള്ളവർ - എൺപതു വയസ്സെങ്കിലും പ്രായമുള്ളവർ - അഭിമുഖത്തിനെത്തിയാൽ കൂടുതൽ നന്നായി.
- ഈ അഭിമുഖറിപ്പോർട്ട്, കുട്ടികളുടെ രചനകൾ, ശേഖരണങ്ങൾ, ചിത്രങ്ങൾ, സ്വാതന്ത്ര്യസമരത്തെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവയെല്ലാം ചേർത്ത് ക്ലാസിൽ ഒരു സ്വാതന്ത്ര്യദിനപ്പതിപ്പ് തയ്യാറാക്കണം.
- പതിപ്പിന് ഉചിതമായ പേരു നൽകണം.
- ഓരോ കുട്ടിയുടെയും ഒരു രചനയെങ്കിലും ഉണ്ട് എന്ന് ഉറപ്പുവരുത്തണം.
- എഴുത്ത്, വര, മോടിപിടിപ്പിക്കൽ, തുന്നിച്ചേർക്കൽ, പുറംചട്ട ഇവയെല്ലാം കുട്ടികളുടെ സംഘങ്ങൾ ചെയ്യട്ടെ.
- പതിപ്പുകളുടെ സ്കൂൾതല പ്രകാശനം നടത്തണം.
- കൃത്യമായ വിലയിരുത്തൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച പതിപ്പുകൾ കണ്ടെത്തുവാൻ കുട്ടികളുടെ സംഘത്തെ ചുമതലപ്പെടുത്താം.

## ചിങ്ങം 1 (ആഗസ്റ്റ് 17) – കർഷകദിനം

## *ചിങ്ങച്ചിന്ത്*

**കർഷകരുടെ ജീവിതം പ്രമേയമായ കഥകളുടെ വായന.**

- തകഴിയുടെ 'കൃഷിക്കാരൻ', പൊൻകുന്നം വർക്കിയുടെ 'ശബ്ദിക്കുന്ന കലപ്പ്'

**നാട്ടിലെ കൃഷിക്കാരെ പരിചയപ്പെടുത്തുന്ന കുറിപ്പുകൾ തയ്യാറാക്കൽ.**

- ഓരോ ക്ലാസിലുമുള്ള കുട്ടികളുടെ രക്ഷിതാക്കളിൽ കൃഷിക്കാരായവരെ പരിചയപ്പെടുത്തുന്ന ചെറു ലേഖനങ്ങളോ കുറിപ്പുകളോ തയ്യാറാക്കണം.
- 3–4 പേരുള്ള ഗ്രൂപ്പുകൾ ആയി ഈ പ്രവർത്തനം ചെയ്യാം.
- മാതൃകയ്ക്കായി പത്രങ്ങളിലും കാർഷികമാസികകളിലും പ്രസിദ്ധീകരിച്ച ചില ലേഖനങ്ങൾ ഗ്രൂപ്പിൽ വായിക്കാൻ നൽകണം.

**കൃഷിയുമായി ബന്ധപ്പെട്ട പദങ്ങൾ, പ്രയോഗങ്ങൾ, നാട്ടറിവുകൾ, പഴഞ്ചൊല്ലുകൾ, ശൈലികൾ, കടങ്കഥകൾ എന്നിവയുടെ ശേഖരണം**

- മൂക്കു മൂന്ന്, മുഖത്താറു കണ്ണ്, നാക്കു നാല്, നടകാലു പത്ത് എന്ന കടങ്കഥയുടെ ഉത്തരം കണ്ടെത്താനാവശ്യപ്പെട്ടുകൊണ്ട് ഈ ശേഖരണപ്രവർത്തനത്തിന് തുടക്കമിടാം. (കാളകളെ ഉപയോഗിച്ച് നിലമുഴുന്ന കർഷകൻ – ഉഴവുകാരന്റെയും രണ്ടു കാളകളുടെയും കൂടി മൂന്നു മൂക്കും ആറു കണ്ണും; മൂന്നുപേരുടെയും നാക്കിനോടു കൂടി കലപ്പയുടെ നാക്കു കൂടി ചേരുമ്പോൾ നാലു നാക്കായി. കാളകളുടെയും ഉഴവുകാരന്റെയും ആകെ കാലുകൾ പത്ത്)
- നിലം ഉഴുന്ന കർഷകനെയും കാളകളെയും കലപ്പയെയും സമഭാവനയോടെ കാണുന്നു എന്ന സവിശേഷത കൂടി കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം.
- ഓരോ കുട്ടിയും ഈ ശേഖരണത്തിൽ പങ്കാളിയാകണം. വീട്ടിലെയും അയൽപക്കത്തെയും മുതിർന്നവരോടു ചോദിച്ചറിഞ്ഞാണ് വിവരശേഖരണം നടത്തേണ്ടത്.
- ക്ലാസിൽ പൊതുവായ വായനയും/അവതരണവും വേണം. ഇനം തിരിച്ച് എഴുതി മാസികാശേഖരത്തിലേയ്ക്ക്.

**കൃഷിയുമായി ബന്ധപ്പെട്ട നാടൻപാട്ടുകളുടെ ശേഖരണവും ആലാപനവും**

- ക്ലാസിൽ കൃഷിപ്പാട്ടുകളുടെ ഒറ്റയ്ക്കും കൂട്ടായുമുള്ള ആലാപനം

## സപ്തംബർ 1 – ഓണവും വലിയ പെരുന്നാളും (ബക്രീദ്)

## *പൂക്കളം*

**കുട്ടികളുടെ ഓണം – വായനാപ്രവർത്തനം**

> ''കുട്ടികളെത്തിയ കുറ്റിക്കാട്ടിൽ
>
> പൊട്ടിവിടർന്നൂ പൊന്നോണം''

കവി ഒളപ്പമണ്ണയുടെ ഈ വരികൾ കുട്ടികളെ പരിചയപ്പെടുത്തുന്നു.

ഈ വരികളുടെ ആശയം മൂന്നോ നാലോ വാക്യങ്ങളിലൂടെ വിശദീകരിക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

വ്യക്തിഗതമായി എഴുതുന്നു.

പൊതു വായനയും ചർച്ചയും.

കുട്ടികളാണ് ആഘോഷങ്ങളുടെ കേന്ദ്രബിന്ദു. ജീവിതത്തെ എന്നും ആഘോഷം നിറഞ്ഞതാക്കാൻ കുട്ടികൾക്ക് കഴിയുന്നു. ഏതു കുറ്റിക്കാട്ടിലും പൊന്നോണമെത്തിക്കാൻ കഴിവുള്ളവരാണ് കുട്ടികൾ. ഓസ്കാർ വൈൽഡിന്റെ 'സ്വാർത്ഥിയായ രാക്ഷസൻ'എന്ന കഥ ഇവിടെ പരിചയപ്പെടുത്താം. ആ കഥ കുട്ടികളിലൊരാൾ ഉറക്കെ വായിക്കുന്നത് നന്നായിരിക്കും. (കഥ അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്). ഇവിടെ പൊന്നോണം എന്ന പദം ഓണത്തിനുമാത്രമല്ല, ഏത് ആഘോഷത്തിനും ചേരും. ഓണം പൂക്കൾക്ക് പ്രാധാന്യമുള്ള ആഘോഷമായതിനാൽ കവിതയ്ക്ക് പ്രത്യേകഭംഗി ഉണ്ടാകുന്നുവെന്നു മാത്രം.

**കവിതയുടെ ദൃശ്യാവിഷ്കാരം**

അക്കിത്തത്തിന്റെ 'പൂക്കൾ വിളിക്കുന്നു' എന്ന കവിത, കുട്ടികളെ 4 ഗ്രൂപ്പുകളായി തിരിച്ച് വായനയ്ക്കു നൽകുന്നു.

**പൂക്കൾ വിളിക്കുന്നു**

അക്കിത്തം

സമാഹാരം : അക്കിത്തം കവിതകൾ സമ്പൂർണ്ണം

(പൂക്കൾ നൃത്തം വെയ്ക്കുന്നു)

മുട്ടിയിലേറിയിരിക്കുന്നൂ നടു-
മുറ്റത്തെത്തിയ മാവേലി;
കുട്ടികളെന്തിന്നുണരാത്തൂ? പൂ-
വട്ടി കഴുത്തിലുടക്കാത്തൂ?
നമ്മുടെ കുന്നലനാട്ടിന്നരചൻ
നടുമുറ്റത്തു വസിക്കുമ്പോൾ
പായിൽ ചുരുണ്ടുകിടന്നാലുണ്ണികൾ
പാപികളായിപ്പോമല്ലോ.
ഒട്ടും താമസമരുതേ, മക്കളേ,
വട്ടി കഴുത്തിലണിഞ്ഞാലും.
പട്ടിതൾ തിങ്ങി വിടർന്നൊരീ ഞങ്ങളെ-
യൊട്ടുക്കു നുള്ളിയെടുത്താലും!
പച്ചപിടിച്ചൊരു മലയാളത്തിൻ
പരിമളമിഴുകും കരൾപോലെ
ഓണത്തപ്പൻ ചൂടട്ടെ ഞങ്ങളി-
ലോരോപേരെയും മൂർദ്ധാവിൽ!

മകൻ :

മുളവില്ലുകളുടെ നാദംപോലൊരു
വിളി ഞാൻ കേൾക്കുന്നു,
അകലേ നിന്നിപ്പാതിരനേര-
ത്താരു വിളിക്കുന്നൂ? അമ്മേ,
ആരു വിളിക്കുന്നൂ?

അമ്മ :

വീടുകളൊന്നുമുണർന്നിട്ടി,ല്ലൊരു-
വിളിയും കേൾപ്പീലാ,
പാതിരാക്കോഴികൾ കൂവിയിരിക്കാ-
മേതോ മാടത്തിൽ, കുന്ന-
ത്തേതോ മാടത്തിൽ.

മകൻ :

കണ്ടുപിടിച്ചൂ ഞാനാശ്ശബ്ദം
കാര്യം വെളിവായീ.
കാട്ടിലെ മലരുകളല്ലോ ഞങ്ങളെ
നീട്ടിവിളിക്കുന്നൂ, കണ്ഠം
നീട്ടി വിളിക്കുന്നൂ.

അമ്മ :

പൂക്കൾ വിളിക്കുന്നുണ്ടോ? ഞാനതു
കേൾക്കുന്നില്ലല്ലോ.
കുട്ടീ, നിൻപ്രിയമാതാവിൻ ചെവി
പൊട്ടിയിരിക്കുന്നോ, തീരെ-
പ്പൊട്ടിയിരിക്കുന്നോ?

മകൻ :

മൂലം പുലരാൻകാലത്താളുകൾ
മുക്കിലിരുന്നാലോ?

വരുവിൻ വരുവിൻ പൂവട്ടികളേ,
വയറുകൾ വീർപ്പിക്കിൻ, നിങ്ങടെ
വയറുകൾ വീർപ്പിക്കിൻ.
വെട്ടം വീണീലെന്നോർത്തിനി ഞാൻ
വെറുതെയിരിക്കില്ല;
ഒറ്റച്ചാട്ടംകൊണ്ടു പടിപ്പുര-
മുറ്റത്തെത്തും ഞാൻ, അമ്മേ,
മുറ്റത്തെത്തും ഞാൻ.
ഓണപ്പാട്ടുകൾ പാടിയുണർത്തിടു-
മോരോ വീടും ഞാൻ;
കൂട്ടാളികളോടൊപ്പം പിന്നെ
കാട്ടിൽക്കയറും ഞാൻ, അമ്മേ,
കാട്ടിൽക്കയറും ഞാൻ.
അക്ഷരമെല്ലാം തിരിയുന്നുണ്ടോ,രു
ലക്ഷം പൂവുണ്ടേ
നീട്ടിവിളിപ്പൂ കാട്ടി,ലെനിക്കിനി
നിൽക്കാനാവില്ല, അമ്മേ,
നിൽക്കാനാവില്ല!
(കഴുത്തിൽ പൂവട്ടികൾ തൂക്കിയ കുട്ടികൾ ആർത്തുവിളിച്ചു കടന്നുവരുന്നു)

അമ്മ :

ആരാരോ നിങ്ങളെയൊക്കെയിപ്പാതിര-
നേരത്തു വന്നു വിളിച്ചുണർത്തീ?

കുട്ടികൾ :

കാട്ടിലെപ്പൂക്കൾ വിളിക്കും വിളികളെ-
ക്കേട്ടാരുറക്കത്തിൽ ഞങ്ങളമ്മേ!

അമ്മ :

കാട്ടിലെപ്പൂക്കൾ വിളിക്കും വിളികളെ-
ക്കേട്ടുവോ നിങ്ങൾതന്നമ്മമാരും?

കുട്ടികൾ :

ഞങ്ങൾതൻ കാണായ ദൈവങ്ങൾ നിങ്ങൾക്കു
ഞങ്ങളോളം ചെവിയോർമ്മയില്ലേ?

അമ്മ :

പിഞ്ചായിരുന്ന ദിനങ്ങളിൽ പൂക്കൾതൻ
കൊഞ്ചലീ ഞങ്ങളും കേട്ടിരുന്നു
ഞങ്ങളിലന്നു പുലമന്നൊരസ്സിദ്ധിയേ
നിങ്ങൾക്കു ഞങ്ങൾ പകർന്നുതന്നു!

- ആവശ്യമായ സമയം എടുത്ത് ഈ കവിത ഓരോ ഗ്രൂപ്പും നൃത്തനാടകരൂപത്തിൽ അവതരിപ്പിക്കട്ടെ. നാടകത്തിന്റെ പൂർണ്ണതയ്ക്കാവശ്യമായ മാറ്റങ്ങൾ അവർക്ക് കണ്ടെത്താം.
- അവതരണത്തിനു ശേഷം പൊതു ചർച്ച വേണം. ഒളപ്പമണ്ണയുടെ വരികൾ ഈ നാടകവുമായി ബന്ധപ്പെടുത്താൻ കഴിയുമോ?

**രചനകളിലൂടെ പറയുന്നത്**

- അനുബന്ധം 4 ആയി കൊടുത്ത രചനകളുടെ വായന. എങ്ങനെയാണ് എഴുത്തുകാർ തങ്ങൾക്ക് പറയാനുള്ള ഒരു കാര്യത്തെ ഒരു പൊതുവിഷയം തെരഞ്ഞെടുത്ത് (ഇവിടെ ഓണം) അതിലൂടെ ആവിഷ്കരിക്കുന്നതെന്ന് തിരിച്ചറിയാനുള്ള അവസരമായാണ് ഈ രചനകൾ ഗ്രൂപ്പുകളിൽ വായിച്ച് ചർച്ച ചെയ്യേണ്ടത്.
- 'ഓണപ്പിണക്കം' എന്ന കവിത പണ്ടത്തെയും ഇന്നത്തെയും ഓണാഘോഷങ്ങളുടെ മാറ്റം എങ്ങനെ അവതരിപ്പിച്ചിരിക്കുന്നു? യഥാർത്ഥത്തിൽ ഓണാഘോഷത്തിന്റെ മാറ്റം മാത്രമാണോ കവി സുചിപ്പിക്കുന്നത്?

**ഓണപ്പിണക്കം**

ഇ.ജിനൻ

ഓലക്കുടയും മെതിയടിയും മേലെ
മാനത്ത് മേഘമാ,യോണമായി
ഉണ്ണീ, നിന്നുമ്മറമുറ്റത്ത് പണ്ടത്തെ
ഉണ്മയില്ലെങ്കിലുമോണമായി.

ആവണിപ്പൂനിലാവാരുമേ കാണാതെ-
യാരോമലോടു പിണങ്ങിനിന്നോ?
ഓമനേ, ഒന്നുമേ കാണുവാനില്ലാത്ത
ലോകത്തിലല്ലോ പിറന്നതുണ്ണീ.

പൂവട്ടി നെയ്യുവാൻ മുത്തശ്ശിയില്ലല്ലോ
പൂവിറുക്കാൻ കൂട്ടിനാരുമില്ല.
കുമ്മിയടിക്കുവാൻ, കുമ്പിട്ടു പാടുവാൻ
കുമ്മാട്ടിമാരും വരാതെയായീ.

പാണനാർ പണ്ടത്തെ പാട്ടു മറന്നുപോയ്,
പാടത്തെ കൊയ്ത്തുപാട്ടാർക്കുവേണം?
പൂമുഖത്താരും വിരുന്നുവരാതെയായ്
പുഞ്ചിരിക്കാനാർക്കു നേരമിന്ന്?

ഓണക്കളികൾ മുറിക്കകത്തായ്, ദൂര-
ദർശനം മാത്രം, മനുഷ്യരൊന്നായ് !
അത്തക്കളമായുണരുന്ന സൂര്യനോട-
ടസ്തമിച്ചീടരുതെന്നു ചൊല്ലാൻ
തുമ്പകൾ പൂത്തില്ല, മുക്കുറ്റി പൂത്തില്ല,
തുമ്പി വന്നീല തുയിലുണർത്താൻ.

ആരും വിളിക്കാതെ, യാറപ്പു കേൾക്കാതെ-
യാരോടുമോതാതെയോണമെത്തീ.
ഓലക്കുടയും മെതിയടിയും മേലേ
മാനത്തു മേഘമോ, മാബലിയോ?

സമാഹാരം : പച്ചക്കുതിരയുടെ പാട്ട്

**ഓണപ്പാട്ടുകളുടെ ആലാപനം**

- ഓണപ്പാട്ടുകളുടെയും ഓണക്കവിതകളുടെയും വ്യക്തിഗത-സംഘ ആലാപനങ്ങൾ.
- മുസ്ലീം ആഘോഷങ്ങളുടെ ഭാഗമായി പാടുന്ന ഗാനങ്ങളും ഇതൊന്നിച്ച് ചേർക്കണം.
- ഗാനങ്ങൾ കണ്ടെത്തി ശേഖരിച്ചുകൊണ്ടുവരുന്ന ചുമതല കുട്ടികൾക്കുതന്നെ നൽകണം.

**ഓണം-പെരുന്നാൾ വിഭവങ്ങൾ - പാചകക്കുറിപ്പ് തയ്യാറാക്കൽ**

- ഓരോ കുട്ടിയും വീട്ടിൽ മുതിർന്നവരോടു ചോദിച്ച് ഒരു ഓണവിഭവത്തിന്റെയോ പെരുന്നാൾ വിഭവത്തിന്റെയോ പാചകക്കുറിപ്പ് തയ്യാറാക്കുന്നു.
- ആവർത്തനം ഒഴിവാക്കി 4-5 പേരുള്ള ഗ്രൂപ്പുകൾക്ക് ഈ കുറിപ്പുകൾ ഒരു ചുമർപത്രമായി മാറ്റാം.
- (ഈ വിഭവങ്ങൾ കുട്ടികൾതന്നെ തയ്യാറാക്കി കുട്ടികളുടെ ഓണം-പെരുന്നാൾസ്സദ്യ നടത്താൻ സ്കൂൾതലത്തിൽ ഒരു ശ്രമം ആകാം.)
- ഓരോ കുട്ടിയും സ്വന്തമായി തയ്യാറാക്കിയ പാചകക്കുറിപ്പ് മാസികാശേഖരത്തിലേയ്ക്ക്.

## സപ്തംബർ 5 - അധ്യാപകദിനം

## *എന്റെ ടീച്ചർ*

**പ്രിയപ്പെട്ട ടീച്ചർക്ക് ഒരു കത്ത്**

- ഓരോ കുട്ടിയും അവരുടെ ഏറ്റവും പ്രിയപ്പെട്ട അധ്യാപികയ്ക്ക് / അധ്യാപകന് ഒരു കത്തെഴുതുന്നു.
- പുസ്തകത്തിൽ എഴുതിയ കത്ത് വീണ്ടും വായിച്ച് മെച്ചപ്പെടുത്തി ഭംഗിയായി ഒരു പോസ്റ്റ് കാർഡിലോ ഇൻലൻഡിലോ എഴുതി ടീച്ചറുടെ വീട്ടുമേൽവിലാസം കണ്ടുപിടിച്ച് പോസ്റ്റ് ചെയ്യണം. നേരിട്ട് നൽകുകയും ആവാം.
- സാങ്കല്പിക കത്തല്ല, യഥാർത്ഥ കത്താണ് വേണ്ടത്. കത്തെഴുതാൻ ഓരോ കുട്ടിക്കും പ്രചോദനമാകുന്നവിധത്തിൽ ഒരു ചർച്ച ക്ലാസിൽ നടക്കണം.
- കുട്ടി കത്തെഴുതുന്നത് ഇപ്പോൾ പഠിക്കുന്ന സ്കൂളിലെ ടീച്ചർക്കാകണമെന്നില്ല. അവരുടെ വിലാസം കണ്ടെത്തുവാൻ ക്ലാസ് ടീച്ചറുടെയോ മറ്റധ്യാപകരുടെയോ സഹായം വേണ്ടിവരും.
- കത്ത് ആകർഷകമാക്കാനും മേൽവിലാസക്കാർക്ക് കിട്ടി എന്നുറപ്പുവരുത്താനും ടീച്ചറുടെ മേൽനോട്ടം വേണം.

- കുട്ടികൾക്കു ലഭിക്കുന്ന മറുപടികൾ ക്ലാസിൽ പൊതുവായി വായിക്കുന്നത് നല്ലതാണ്. എന്നാൽ കുട്ടി എഴുതുന്ന കത്തിന്റെ പൊതുവായന ഒഴിവാക്കണം.
- കത്തിന്റെ ഉള്ളടക്കം പകർത്തി മാസികാശേഖരത്തിലേയ്ക്ക്. മറുപടി കിട്ടിയാൽ അതും പകർത്തി മാസികയിൽ ചേർക്കാം.

## സപ്തംബർ 21 – ശ്രീനാരായണഗുരു സമാധിദിനം

## *ഗുരുസ്മരണ*

**ഗുരു-വായനാപ്രവർത്തനം**
**പച്ചക്കിളിക്കു പിന്നാലെ പാഞ്ഞ പെൺകുട്ടി**

ഹായ്, പച്ചക്കിളി... പെൺകുട്ടി സഖിമാരെക്കൂടി വിളിച്ചുകൊണ്ടുവന്നു. ദാ.... നോക്ക്.. അണ്ണാരക്കണ്ണനും ഒരു പൂത്തുമ്പിയും. അവൾ വിരൽ ചൂണ്ടിപ്പറഞ്ഞു.

എനിക്ക് പച്ചക്കിളിയെ പിടിക്കണം.... അവൾ അതിന്റെ പിന്നാലെ ഓടി. ഒരു മരക്കൊമ്പിൽനിന്നും മറ്റൊന്നിലേയ്ക്ക് കിളി പറന്നു. കൂടെ ഓടിനോക്കി. എവിടെ കിട്ടാൻ? കഴുത്ത് ആവുന്നത്ര ഉയർത്തി പച്ചക്കിളിയെ നോക്കി. അതിനെ കയ്യിൽ കിട്ടിയെങ്കിൽ എന്നു മോഹിച്ച് അവൾ നിന്നു.

തന്റെ പിതാവിനോടൊപ്പം ശിവഗിരി ആശ്രമത്തിലെത്തിയതായിരുന്നു അവൾ. കുന്നിൻചെരിവിലൂടെ കുതിച്ചുചാടുന്ന വെള്ളപ്പാച്ചിലിൽനിന്ന് ഓവുവെച്ചുനീട്ടി കുളിക്കാൻ സൗകര്യമുണ്ടാക്കിയിരുന്നതും അവൾക്ക് സന്തോഷം കൊടുത്ത കാര്യമായിരുന്നു. മാവിൻതറയും കൊച്ചുകുടിലുകളും പച്ചപ്പുല്ലും കുറ്റിക്കാടുകളും ആ ആശ്രമത്തെ മനോഹരമാക്കിയിരുന്നു.

അച്ഛൻ വന്നത് ആ മുത്തശ്ശനെ കാണാനാണ്. സാധാരണ വേഷം ധരിച്ച് സാധാരണക്കാരനായ മുത്തശ്ശൻ. അച്ഛനെ കണ്ടതും അദ്ദേഹം ചിരിച്ചു. പതുക്കെ പറഞ്ഞു. 'നല്ല കാറ്റ്.. നല്ല സുഖം..!'

'നല്ലയാളുകൾ എവിടെച്ചെന്നാലും അവിടം നന്നാവും.' അച്ഛൻ പ്രതിവചിച്ചു.

ആശ്രമത്തിൽനിന്നു മടക്കയാത്രയ്ക്ക് സമയമായപ്പോൾ മുത്തശ്ശൻ കുട്ടിയെ അടുത്തുവിളിച്ച് തലയിൽ തലോടി ചോദിച്ചു.

'പച്ചക്കിളിയെ കിട്ടിയോ?'

അയ്യോ, ഇതെങ്ങനെ ഈ മുത്തശ്ശനറിഞ്ഞു എന്ന പരിഭ്രമത്തോടെ അവൾ പറഞ്ഞു.

'അത് പറന്നുപോയി.'

'കൂടെ പറക്കാൻ പഠിക്കണം.' മുത്തശ്ശൻ പറഞ്ഞു.

'അതിന് എനിക്ക് ചിറകുകളില്ലല്ലോ' എന്നായി പെൺകുട്ടി.

അദ്ദേഹം കുട്ടിയുടെ കണ്ണുകളിൽ സ്നേഹാർദ്രമായി നോക്കി പറഞ്ഞു.

'ചിറകുണ്ടാകണം.. അതാണ് മിടുക്ക്.'

ആ പെൺകുട്ടി അന്ന് ചിന്തിച്ചു: മനുഷ്യർക്ക് ചിറകുകളുണ്ടാകുമോ? ഈ മുത്തശ്ശന് ഒന്നുമറിയില്ലേ?

പിന്നീട് ജീവിതസത്യങ്ങൾ ഉള്ളിൽ വിരിഞ്ഞു തെളിഞ്ഞപ്പോൾ അവൾ മനസ്സിലാക്കി: ആത്മാവിന്റെ ചിറകുകൾ വീശിയാണ് മനുഷ്യർ സഞ്ചാരം നടത്തുന്നത്. പക്ഷേ, എത്ര കൂടെ പറന്നാലും പിടിക്കാൻ പറ്റാത്തവണ്ണം പച്ചക്കിളി അടുത്ത മരക്കൊമ്പിൽത്തന്നെ.. പുതിയ ചിറകുകൾ മുളച്ചുകൊണ്ടേയിരിക്കണം.

'നന്നായി വരണം' എന്ന് ആശീർവദിച്ചപ്പോൾ മുത്തശ്ശനെ ആ പെൺകുട്ടി അറിയാതെ തൊഴുതുപോയി.

ശ്രീനാരായണഗുരുവായിരുന്നു ആ മുത്തശ്ശൻ. ആ പെൺകുട്ടി ലളിതാംബിക അന്തർജ്ജനവും.

(യുറീക്കയിൽ ലളിതാംബിക അന്തർജ്ജനത്തെക്കുറിച്ച് തനൂജ.എസ്.ഭട്ടതിരി എഴുതിയ ലേഖനത്തിൽനിന്ന്)

- എന്തു സന്ദേശമാണ് ഈ സംഭവത്തിലൂടെ ശ്രീനാരായണ ഗുരു നമുക്ക് പകരുന്നത്?
- തുടർന്ന് ശ്രീനാരായണഗുരുവിന്റെ ജീവിതത്തിലെ ചില സംഭവങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ കുട്ടികൾ 2–3 പേരുള്ള സംഘങ്ങളായി വായിക്കുന്നു. (കുറിപ്പുകൾ : അനുബന്ധം 6). ഗുരുവിന്റെ പ്രതികരണം, അതിലടങ്ങിയ സന്ദേശം എന്നിവ കണ്ടെത്തി ഒരു വായനക്കുറിപ്പ് ഗ്രൂപ്പിൽ തയ്യാറാക്കണം. ഈ വായനക്കുറിപ്പുകൾ മാസികയിലേയ്ക്ക് ചേർക്കാം.
- ഈ കാലഘട്ടത്തിൽ ഏറെ പ്രസക്തമായ ഗുരുദേവവിളംബരം 'നമുക്ക് ജാതിയില്ല' സ്കൂൾ അസംബ്ലിയിൽ വായിച്ച് അതിന്റെ പ്രാധാന്യം വിശദികരിക്കാം.
- ഗുരുദേവസന്ദേശങ്ങൾ അടങ്ങിയ പോസ്റ്ററുകളുടെ നിർമ്മാണവും അവ പൊതു ഇടങ്ങളിൽ പതിക്കലും.

(ഗുരുസമാധിദിനം അവധിദിവസമാണ്. അന്ന് സാഹിത്യവേദിയുടെ പ്രത്യേകയോഗം ചേർന്നോ, ഉചിതമായ മറ്റൊരു ദിവസം കണ്ടെത്തിയോ പ്രവർത്തനങ്ങൾ നടത്തണം. ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും ഈ രീതി അനുവർത്തിക്കുക.)

## ഒക്ടോബർ 2 – ഗാന്ധിജയന്തി

# *ബാപ്പുസ്മൃതി*

**സുഗതകുമാരിയുടെ 'രാജഘട്ടത്തിൽ' എന്ന കവിതയുടെ ആലാപനം, വായന, ആസ്വാദനം**

**രാജഘട്ടത്തിൽ**

വിമലാഭയാർന്നിന്നും ശാന്തയായൊഴുകുന്ന
യമുനേ, നിന്നെക്കണ്ടെൻ കണ്ണുകൾ നിറയുന്നൂ.
കരൾ നോവുന്നു, കരം കൂമ്പുന്നു, വിശുദ്ധം നിൻ
കരയിൽക്കതിർ വീശും കൽത്തറയിതു കാൺകെ.

അറിവൂ, കണ്ണീർ ചിന്നിക്കാണുകിൽ പൊറുക്കാത്തൊ–
രലിവിൻ നിറതിങ്കളസ്തമിച്ചൊരീ മണ്ണിൽ,
അടിമത്തത്തിൻ നിഴൽപ്പാടുകൾപോലും പറ–
ന്നകലും മണിദീപം ഹാ, പൊലിഞ്ഞൊരീ മണ്ണിൽ,

ഭീതിയും ദൗർബല്യവും സഹിക്കാത്തൊരാ ധീര–
ചേതനയെന്നേയ്ക്കുമായ് വീണുറങ്ങുമീ മണ്ണിൽ
ഒന്നുവീണുറക്കെനെക്കരയാൻ പോലും ദേവ,
ഞങ്ങളിന്നനർഹരാണെന്ന ദീനമാം സത്യം.

ഹാ, ഗുരോ, വീണ്ടും വീണ്ടും നീ  ചൊല്ലിപ്പഠിപ്പിച്ച
ഗീതികൾ പാടൻ ഞങ്ങളപ്പൊഴേ മറന്നല്ലോ!
ആ വിറയറിയാത്ത കൈവിരൽ ചൂണ്ടിക്കാട്ടും
ഭൂവിലേക്കെത്താനിന്നും കഴിവറ്റവരല്ലോ!
ആ വൃദ്ധപാദങ്ങളാൽ നടന്ന, കല്ലും മുള്ളും
താവിന വഴി താണ്ടാൻ മടിക്കുന്നവരല്ലോ!
എങ്കിലും വിമൂകയാം യമുനേ, നിന്നെക്കാൺകെ–
യെന്തിനോ മിഴികളിൽ ചുടുനീർ നിറയുന്നൂ.

പിച്ചവയ്ക്കുവാനാദ്യം ഞങ്ങളെപ്പഠിപ്പിച്ചോ–
രച്ഛമാം വാത്സല്യത്തിന്നാർദ്രമാം സ്മരണകൾ,
അടിമച്ചോറിൻ രുചി നുണഞ്ഞു മയങ്ങിയോർ–
ക്കുടവാളൂരിത്തന്ന വീര്യത്തിൻ സ്മരണകൾ,
കാരിരുമ്പഴികൾക്കു പിന്നിലും തളരാത്ത
ധീരതയോതിത്തന്ന ശബ്ദത്തിൻ സ്മരണകൾ.

പിന്നെയോ, ചെങ്കോട്ടതൻ മുകളിൽ ത്രിവർണ്ണങ്ങൾ
മിന്നുന്ന കൊടിക്കൂറയാദ്യമായ് പറക്കുമ്പോൾ,
ഭേരി പൊങ്ങുമ്പോൾ,കടൽത്തിരകൾക്കൊപ്പം സമ്മോ–
ദാരവമിരമ്പുമ്പോൾ, വെളിച്ചം പരക്കുമ്പോൾ,
തനിയേ, വിദൂരത്തിലെരിയും ഗ്രാമങ്ങൾതൻ
മുറിവിൽ തൃക്കൈകളാലമൃതം തളിക്കുവാൻ
കൂരിരുട്ടിലൂടേതോ ദീപനാളംപോൽ നീങ്ങി–
പ്പോകുമാ ദു:ഖാർദ്രമാം സ്നേഹത്തിൻ സ്മരണകൾ.

പിന്നെയും സുദീർഘമാം കൈകളാലനന്തമായ്
ഞങ്ങളെത്തഴുകുന്ന ഗുരുവിൻ വിരിമാറിൽ
ഹാ, കൃതഘ്നരാം ഞങ്ങളെരിയും തീയുണ്ടയാൽ
വീരമുദ്രയെച്ചേർത്ത സന്ധ്യതൻ സ്മരണകൾ.

മൂകയാം യമുനതൻ കാറ്റിലൂടലയിലൂ–
ടാരുടെ ശബ്ദം രാമനാമത്തെ മന്ത്രിക്കുന്നൂ?
ആരുടെ കരങ്ങളോ തിളങ്ങിത്തുളുമ്പുമീ
വേദനയുടെ കണ്ണീർത്തുള്ളികൾ തുടയ്ക്കുന്നൂ?

ഒന്നു വീഴട്ടേ ഞങ്ങളീ മണ്ണിൽ - തവ പാദ–
മെന്നോർത്തു തണുത്തൊരീത്തറയിൽ ചുംബിക്കട്ടേ;
ഒന്നു കേഴട്ടേ ഞങ്ങളിന്ത്യതൻ കടപ്പാടിൻ
കണ്ണുനീർ മാത്രം,  ഗുരോ! കാഴ്ചയായർപ്പിക്കട്ടേ.

പാതിരാപ്പൂക്കൾ–സുഗതകുമാരി

- 'എന്റെ ഗുരുനാഥൻ' (വള്ളത്തോൾ), 'ഹരിജനങ്ങളുടെ പാട്ട്' (വൈലോപ്പിള്ളി), 'ഗാന്ധി' (വി.മധുസൂദനൻനായർ) തുടങ്ങിയ ഗാന്ധികവിതകളുടെ ആലാപനം ഈ കവിതാവായനയെത്തുടർന്ന് നടത്താം.
- ചിത്രരചന : ഗാന്ധിജിയുടെ രൂപം വരയ്ക്കാൻ അവസരം നൽകാം.

## നവംബർ 1 – കേരളപ്പിറവി ദിനം (ശ്രേഷ്ഠഭാഷാദിനം)

## *പിറന്നാൾ മധുരം*

**എന്റെ ഗ്രാമം**

കേരളപ്പിറവിയുടെ അറുപത്തിയൊന്നാം പിറന്നാൾ ആഘോഷങ്ങളുടെ ഭാഗമായി വിദ്യാരംഗം കലാസാഹിത്യവേദി സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ പങ്കാളിത്തത്തോടെ ഒരു വലിയ പ്രോജക്റ്റ് ഏറ്റെടുക്കുന്നു. സ്വന്തം വിദ്യാലയം സ്ഥിതിചെയ്യുന്ന ഗ്രാമത്തിന്റെ സവിശേഷതകൾ എല്ലാം കണ്ടെത്തി പരിചയപ്പെടുത്തുന്ന 'എന്റെ ഗ്രാമം' എന്ന ഒരു പതിപ്പിന്റെ രൂപീകരണമാണ് ഈ പ്രോജക്റ്റ്.

നവംബർ 1 ന് ഓരോ ക്ലാസിലും വിവരശേഖരണപ്രവർത്തനങ്ങളോടെ ആരംഭിച്ച് ഒരു മാസക്കാലംകൊണ്ട് സ്കൂൾതലത്തിൽ 'എന്റെ ഗ്രാമം' പതിപ്പ് പ്രസിദ്ധീകരിക്കണം. കേരളത്തിലെ എല്ലാ ഗ്രാമ-നഗര പ്രദേശങ്ങളുടെയും സവിശേഷതകൾ ഉൾക്കൊള്ളുന്ന ഒരു സംഘരചനയാണ് ഈ പ്രവർത്തനത്തിന്റെ ഉത്പന്നമായി വിവിധ സ്കൂളുകൾ കേന്ദ്രീകരിച്ച് തയ്യാറാവുക. ജില്ല-സംസ്ഥാനതലങ്ങളിൽ ഈ പതിപ്പുകളുടെ പ്രദർശനം, വിലയിരുത്തൽ, ക്രോഡീകരണം എന്നിവ തുടർപ്രവർത്തനങ്ങളായി നടക്കേണ്ടതുണ്ട്.

- നവംബർ 1 ന് ഓരോ ക്ലാസിലെയും കുട്ടികളെ ചെറു ഗ്രൂപ്പുകളായി തിരിച്ച് വിവിധ വിഷയമേഖലകളിൽ വിവരശേഖരണം നടത്താൻ ഒരുക്കണം.
- ചരിത്രം, ഭൂപ്രകൃതി, ജനവാസം, കൃഷി, ഭക്ഷണവിഭവങ്ങളും രീതികളും, തൊഴിലുകൾ, സ്ഥാപനങ്ങൾ, കലകൾ, ആഘോഷങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, വാമൊഴിയുടെ സവിശേഷതകൾ, നാട്ടറിവുകൾ ഇവയെല്ലാം വിവരശേഖരണത്തിൽ ഉൾപ്പെടുത്തണം.
- മുതിർന്നവരോടുള്ള അഭിമുഖം, ഗൃഹസന്ദർശനം, ഫീൽഡ് ട്രിപ്പുകൾ, സ്ഥാപനസന്ദർശനങ്ങൾ, രേഖകൾ പരിശോധിച്ച് വിവരശേഖരണം, ചരിത്രപുസ്തകങ്ങളിൽനിന്ന് വിവരങ്ങൾ കണ്ടെത്തൽ, ഇന്റർനെറ്റിൽനിന്ന് വിവരശേഖരണം തുടങ്ങി നിരവധി സാധ്യതകൾ ഉണ്ട്. ഇവയിൽ ഏതെല്ലാം ഉപയോഗിക്കണമെന്നും എങ്ങനെയെല്ലാം വിവരശേഖരണം നടത്തണമെന്നും സാഹിത്യവേദി, സാമൂഹ്യശാസ്ത്ര ക്ലബ്ബ് എന്നിവയുടെ സ്കൂൾതല സമിതികൾ സംയുക്തമായി ആലോചിച്ച് രൂപം നൽകണം.
- പി.ടി.എ.യുടെയും സ്കൂൾ വികസനസമിതി, പൂർവ്വവിദ്യാർത്ഥി സംഘടന എന്നിവയുടെയും സഹായം തേടണം.
- ഓരോ ഗ്രൂപ്പും ശേഖരിച്ച് എഴുതിയെടുക്കുന്ന വിവരങ്ങൾ എഴുത്തിന്റെ ഭാഷാപരമായ മികവും ആശയപരമായ കൃത്യതയും ഉറപ്പുവരുത്തി ക്ലാസ് പതിപ്പ് സമാഹരണം ക്ലാസ് ടീച്ചറുടെ നേതൃത്വത്തിൽ നടക്കണം.
- പ്രസക്തമായ ഫോട്ടോകൾ മൊബൈൽ വഴിയോ ക്യാമറ ഉപയോഗിച്ചോ എടുക്കുന്നതിന് സ്കൂൾതലത്തിൽ കുട്ടികളുടെ ഒരു സംഘം രൂപീകരിക്കാം. പൂർവ്വവിദ്യാർത്ഥികളെയും ഇതിന് ഉപയോഗിക്കണം.
- അധ്യാപകരും കുട്ടികളും രക്ഷിതാക്കളും ഉൾപ്പെടുന്ന ഒരു സമിതി ക്ലാസ്തല പതിപ്പുകൾ ക്രോഡീകരിച്ച് 'എന്റെ ഗ്രാമം' സ്കൂൾ പതിപ്പിന് രൂപം നൽകണം.
- രണ്ടാം ടേം പരീക്ഷയ്ക്കുമുമ്പായി 'എന്റെ ഗ്രാമം' സ്കൂൾ പതിപ്പ് പ്രകാശനം. ക്ലാസ്തല പതിപ്പുകളുടെ പ്രദർശനവും മികച്ച പ്രവർത്തനം നടത്തിയ ഏതാനും കുട്ടികളുടെ അനുഭവവിവരണവും ഉൾപ്പെടുത്താം.
- ഓരോ കുട്ടിയും ഏതെങ്കിലുമൊരു വിവരശേഖരണപ്രവർത്തനത്തിൽ പങ്കെടുക്കുന്നുവെന്നും ക്ലാസ്പതിപ്പിൽ ആ ക്ലാസിലെ എല്ലാവരുടെയും പങ്കാളിത്തം ഉണ്ടാകുന്നുവെന്നും ഉറപ്പുവരുത്തണം.

**കേരളം, മലയാളം – കവിതാലാപനം**

- കേരളം, മലയാളഭാഷ എന്നിവയെസ്സംബന്ധിച്ച കവികളുടെ ആലാപനം (മാതൃവന്ദനം – വള്ളത്തോൾ, രമണനിലെ 'മലരണിക്കാടുകൾ', എന്റെ ഭാഷ – വള്ളത്തോൾ തുടങ്ങിയ കവിതകൾ സ്കൂളിലെ ലഭ്യതയ്ക്കനുസരിച്ച് ഉപയോഗിക്കുക.

## നവംബർ 14 – ശിശുദിനം

## *പനിനീർപ്പൂ*

- ജവഹർലാൽ നെഹ്റുവിന്റെ 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' എന്ന പുസ്തകത്തിലെ വിവിധ അധ്യായങ്ങൾ – സംഘവായന
- കുട്ടികൾ എന്ന പൊതു ആശയം കേന്ദ്രീകരിച്ച് കഥ, കവിത, ഗാനം, ചിത്രം, നാടകം, അനുഭവക്കുറിപ്പ്, യാത്രാവിവരണം, കത്ത് തുടങ്ങിയ വിവിധ സർഗ്ഗാത്മകരചനകൾ – ക്ലാസിൽ.

- മികച്ച രചനകൾ സ്കൂൾതലത്തിൽ അവതരിപ്പിക്കൽ. കവിതാലാപനം, ഗാനാലാപനം, അഭിനയം, നൃത്താവിഷ്കാരം എന്നിവയോടെ ശിശുദിനാഘോഷം.
- സ്കൂൾ ഗായകസംഘം, സ്കൂൾ തിയേറ്റർ ഗ്രൂപ്പ് എന്നിവയുടെ രൂപീകരണപ്രഖ്യാപനം ശിശുദിനത്തിന് നടത്താൻ ശ്രമിക്കണം.

## നവംബർ 20 – ദേശീയ ബാലാവകാശ ദിനം

## *എനിക്ക്, ഞങ്ങൾക്ക്*

പല്ലശ്ശന ഹയർ സെക്കന്ററി സ്കൂളിലെ ശ്രീജ രചിച്ച 'പാഠപുസ്തകം' എന്ന കവിത ക്ലാസിലെ ഗ്രൂപ്പുകളിൽ വായനയ്ക്കു നൽകുന്നു.

**പാഠപുസ്തകം**

എൻ പാഠപുസ്തകം
ഞാനെഴുതിടും കാലം
കനവു കാണുന്നു ഞാൻ.

ഒന്നാം പാഠത്തിലെൻ
നാമ, മെൻ പടം
പാഠം രണ്ടിലമ്മയുമച്ഛനും
മൂന്നിൽ മുത്തശ്ശി
മുറ്റത്തെ മുല്ലയും,
നാലിൽ മാവേലി
നല്ലൊരോണപ്പാട്ടും.

അഞ്ചിലെൻ കിളി കൊഞ്ചും,
ആറിലെൻ കളിത്തോഴർ
ഏഴാം പാഠമായ് വരും
മഴയും കളിവഞ്ചിയും

മറക്കാമോ മാടത്തയെ?
പാറട്ടെ പാഠമെട്ടിൽ.
തുമ്പയും തുമ്പിയുമൊമ്പതിൽ
പത്തിലെൻ പുളിനെല്ലി.

പിന്നത്തെ പാഠങ്ങളിൽ
പാണ്ടനും കുറിഞ്ഞിയും.

പുറഞ്ചട്ട പൂങ്കോഴിക്ക്
മറുഭാഗം പൂവാലിക്ക്
മുഖമൊഴിയെൻ പുഞ്ചിരി
മുത്തശ്ശിക്കു സമർപ്പണം.

എൻ പാഠപുസ്തകം
ഞാനെഴുതിടും കാലം
കനവു കാണുന്നു ഞാൻ.

ശ്രീജ. കെ.
8 ബി. വി.ഐ.എം.എച്ച്.എസ്. പല്ലശ്ശന

- കവിത ഗ്രൂപ്പായി ചൊല്ലാനും കവിതയെക്കുറിച്ച് പ്രതികരിക്കാനും എല്ലാ ഗ്രൂപ്പുകൾക്കും അവസരം നൽകുന്നു.
- സ്വന്തം പാഠപുസ്തകത്തെക്കുറിച്ച് സ്വപ്നം കാണുന്ന കുട്ടിയുടെ ചിന്തകൾ പങ്കിട്ടുകൊണ്ട് കുട്ടികളുടെ സ്വപ്നങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും അവർക്ക് പറയാൻ അവസരം നൽകാം.
- കുട്ടികളുടെ അവകാശങ്ങൾ പ്രമേയമാകുന്ന ചില രചനകളുടെ വായന (അനുബന്ധം 5)
- സ്വന്തം സ്വപ്നങ്ങളെ ഇങ്ങനെ ഒരു രചനയായി രൂപപ്പെടുത്തൂ. 'എന്റെ സ്വപ്നം' സർഗ്ഗാത്മകരചന (കഥ, കവിത, ചിത്രം–ഏതുമാകാം)
- സ്വന്തം രചനകളുടെ പൊതുഅവതരണം, പ്രതികരണങ്ങൾ, മെച്ചപ്പെടുത്തൽ – പുതുക്കിയെഴുതി മാസികാശേഖരത്തിലേയ്ക്ക് മാറ്റിവെയ്ക്കുന്നു.

## ജനുവരി 1 – പുതുവർഷപ്പിറവി

# *പുതുവർഷത്തുള്ളി*

**നവവത്സരാശംസ – കാർഡ് നിർമ്മാണവും കൈമാറലും**

- ക്രിസ്തുമസ്സ് അവധിക്കാലത്തിനുശേഷം പുതുവത്സരാഘോഷങ്ങൾക്ക് കുട്ടികൾ ഒത്തുചേരുന്നു. പുതുവത്സര ആശംസാ കാർഡ് നിർമ്മാണത്തോടെയാണ് സാഹിത്യവേദിയുടെ 'പുതുവർഷത്തുള്ളി' തുടങ്ങേണ്ടത്.
- ക്ലാസ്സിലെ എല്ലാ കുട്ടികളും ആശംസാകാർഡു നിർമ്മിക്കണം. സ്കെച്ച് പെൻ, വാട്ടർ കളർ, ക്രയോൺ, 1/8 വലിപ്പത്തിൽ (എ-4ന്റെ പകുതി) കട്ടിയുള്ള കാർഡ് പേപ്പർ എന്നിവ ക്ലാസിൽ പൊതുവായി ഒരുക്കണം. കുട്ടികൾക്ക് അവരവരുടെ കളറിങ് സാമഗ്രികൾ ഉപയോഗിക്കാം. എങ്കിലും അവ സ്വന്തമായില്ലാത്തവർക്ക് ക്ലാസിൽ ഇഷ്ടാനുസാരം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തണം.
- മലയാളത്തിലുള്ള ആശംസാവാക്യങ്ങൾ നേരത്തേതന്നെ ധാരാളമായി ശേഖരിച്ച് അവ ഒരു ചാർട്ടിലെഴുതി ക്ലാസിൽ പ്രദർശിപ്പിക്കണം. ഈ പ്രവർത്തനം കുട്ടികൾതന്നെ ചെയ്യട്ടെ. ആശേസാവാക്യങ്ങൾ കണ്ടെത്താൻ കഴിയാത്തവർക്ക് ഇത് സഹായകമാകും.
- കാർഡിന്റെ ഒരു വശത്ത് ചിത്രങ്ങളും നിറങ്ങളും ആശംസാവാക്യവുമെല്ലാം. മറുവശത്ത് എഴുതിയ കുട്ടിയുടെ പേരും ക്ലാസ് ഡിവിഷനും എഴുതിച്ചേർക്കാം.
- ഒരേ ക്ലാസിലെ കുട്ടികൾ തമ്മിലോ രണ്ടു ക്ലാസിലെ കുട്ടികൾ തമ്മിലോ കാർഡ് കൈമാറാം. ഇത് സ്കൂൾതലത്തിൽ മുൻകൂട്ടി ധാരണയുണ്ടാക്കി ചെയ്യുന്നതാണ് നല്ലത്. എല്ലാവർക്കും ഒരു സുഹൃത്തിന്റെ കാർഡ് കൈമാറിക്കിട്ടിയെന്ന് ഉറപ്പു വരുത്തണം. ആൺകുട്ടികൾ ആൺകുട്ടികൾക്ക്, പെൺകുട്ടികൾ പെൺകുട്ടികൾക്ക് എന്ന രീതി അനുവർത്തിക്കരുത്.
- എല്ലാ അധ്യാപകരും തത്പരരായ രക്ഷിതാക്കളും പൂർവ്വവിദ്യാർത്ഥികളുമെല്ലാം ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നത് അതിന്റെ പൊലിമയും അർത്ഥവും കൂട്ടും.
- കൈമാറിക്കിട്ടിയ കാർഡുകൾ ഉയർത്തിക്കാട്ടി, ഒരു നവവത്സരഗാനം കൂട്ടായി പാടിക്കൊണ്ടുള്ള ഒരു സ്കൂൾ അസംബ്ലിയോടെ പുതുവർഷാഘോഷം പൂർണ്ണമാക്കാം.
- പരിപാടിയുടെ (കാർഡ് തയ്യാറാക്കൽ, കൈമാറൽ, പ്രകാശനം...) ദൃശ്യാലേഖനം : വിഡിയോ-ഫോട്ടോ

## ജനുവരി 24 – അന്തർദ്ദേശീയ ബാലികാദിനം

# *ജ്യോതിസ്സ്*

**തീ തിന്നുന്നവർ**

''പെൺകുട്ടികൾക്കെല്ലാം മുൾക്കിരീടമുണ്ടോ?'', കാവ്യ അമ്മയോട് ചോദിച്ചു.

''കിരീടത്തിൽ മുള്ളുകൾ തറയ്ക്കുന്നത് ജീവിതസാഹചര്യമാണ്. ആൺ കുട്ടികൾക്കു ലഭിക്കുന്ന എല്ലാ അവസരങ്ങളും പെൺകുട്ടികൾക്ക് കിട്ടാറുണ്ടോ?'', അമ്മ ചോദിച്ചു.

''രമ്യയുടെ വീട്ടിൽ വീടുവൃത്തിയാക്കലും പാകംചെയ്യലും കഴുകലുമൊക്കെ അവൾതന്നെ ചെയ്യണം. ഏട്ടനോ അനുജനോ സഹായിക്കില്ല''. കാവ്യ പറഞ്ഞു.

ഉറക്കെച്ചിരിച്ചാൽ കുറ്റം, മരം കയറിയാലുമതെ; കവി ഇടശ്ശേരി പറയുന്നതു നോക്കൂ...

> കാലേ കുളിച്ചാലോ വേശിയാട്ടം
> കാലത്തെണീക്കാഞ്ഞാൽ കള്ളനാട്യം
> പോകാതിരുന്നാലുമമ്പലത്തിൽ
> പോയാലുമെപ്പോഴും മറ്റൊരർത്ഥം.

''ഗോപിക പറയുന്ന അഭിപ്രായങ്ങളൊന്നും അവളുടെ വീട്ടുകാർ ശ്രദ്ധിക്കാറില്ലത്രേ. ജ്യേഷ്ഠനും അനുജനും പറയുന്നത് കൂടുതല് പരിഗണിക്കാറുമുണ്ട്...'', കാവ്യ പറഞ്ഞു.

''ആൺകുട്ടികൾക്കും പുരുഷന്മാർക്കും ആദ്യം ഭക്ഷണം കൊടുക്കുന്ന വീട്ടുകാരുമുണ്ട്. എല്ലാം കഴിഞ്ഞാൽ വീട്ടിലെ പെണ്ണുങ്ങൾക്ക് കഞ്ഞിവെള്ളം മാത്രമാണുള്ളതെന്ന് ബഷീർ പാത്തുമ്മയുടെ ആട് എന്ന നോവലിൽ പറയുന്നുണ്ട്.'', അമ്മ പറഞ്ഞു.

''ആൺകുട്ടികൾ ഉപയോഗിക്കുന്നത്ര സൈക്കിളുകളോ, മോട്ടോർ സൈക്കിളുകളോ പെൺകുട്ടികൾ ഉപയോഗിക്കാൻ സമ്മതിക്കാറില്ല എന്നും പറയാം...'', ഗോപു പറഞ്ഞു.

''അതെ, അമ്മക്ക് തീ തിന്നലായി മാറുന്നു. മകൾക്ക് മുൾക്കിരീടവും.'' അമ്മ ഇടശ്ശേരിയുടെ വരികൾ ചൊല്ലി.

''ജീവിതം തീ തിന്നലമ്മയ്ക്കയ്യോ,

പാവം മകൾക്കൊരു മുൾക്കിരീടം.''

''കിരീടം തീർച്ചയായും അംഗീകാരം തന്നെയാണ്. എന്നാൽ അതിനുള്ളിൽ മുള്ളുകൾ കൂടി തറച്ചുവയ്ക്കുന്നു. തലയിൽ വയ്ക്കുന്ന കിരീടം അങ്ങനെ മാറാത്ത വേദനയുണ്ടാക്കും...''

''ഈ വേദനയില്ലാതാക്കലാണ് മനുഷ്യത്വം.'', ഗോപു പറഞ്ഞു.

''തീർച്ചയായും''

അമ്മ കൂട്ടിച്ചേർത്തു.

(വരികൾക്കിടയിൽ - കെ.മനോഹരൻ - കേരളശാസ്ത്രസാഹിത്യപരിഷത്ത്)

ഈ കുറിപ്പ് നാലോ അഞ്ചോ പേരടങ്ങുന്ന ഗ്രൂപ്പുകളിൽ വായിച്ച് ഇതിലെ ആശയങ്ങളെ വിലയിരുത്തി ഒരു പ്രതികരണക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കട്ടെ. മറ്റു ഗ്രൂപ്പുകളുടെ കൂട്ടിച്ചേർക്കലുകൾ വേണം.

പെൺകുട്ടികൾ മാത്രമായി അനുഭവിക്കുന്ന അവഗണനകൾ എന്തെല്ലാമാണ്? വ്യക്തിഗതമായി എഴുതുന്നു.

അനുബന്ധം 6 ൽ ഉള്ള രചനകളുടെ വായന

പെൺകുട്ടി എന്ന ആശയത്തെ അടിസ്ഥാനമാക്കിയുള്ള സർഗ്ഗാത്മകരചനകൾ (കവിത, കഥ, ചിത്രം...)

## ഫെബ്രുവരി 24 – ലോകമാതൃഭാഷാദിനം

## *ഭാഷോത്സവം*

**ഒരു കുട്ടി – ഒരു മാസിക**

- ക്ലാസ്തലത്തിലും സ്കൂൾതലത്തിലും നടന്ന സാഹിത്യവേദി പ്രവർത്തനങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞ രചനകളും ശേഖരണങ്ങളും അപ്പപ്പോൾ എഴുതി സമാഹരിച്ചുവെച്ചിട്ടുണ്ടല്ലോ. ഫെബ്രുവരി ആദ്യവാരത്തിൽത്തന്നെ ഈ രചനകളെ മാസികാരൂപത്തിലാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കണം. കലോത്സവ-സാഹിത്യോത്സവ രചനകൾ, ക്ലാസ്മുറിയിൽ മറ്റു പഠനപ്രവർത്തനങ്ങളിലെ ഉത്പന്നങ്ങളും (നിരീക്ഷണക്കുറിപ്പുകൾ, ഫീൽഡ് ട്രിപ്പ് റിപ്പോർട്ട്, ഡയറിക്കുറിപ്പുകൾ...) മാസികയിൽ ചേർക്കാം.
- രചനകൾ എ-4 പേപ്പറിൽ നന്നായി എഴുതിയതാണ് തുന്നി പുറംചട്ട ചേർത്ത് മാസികയായി മാറ്റേണ്ടത്. ചില രചനകൾ വീണ്ടും എഴുതേണ്ടതായി വരും. അവ കണ്ടെത്തി വീണ്ടും എഴുതണം.
- സൗകര്യങ്ങൾക്കും സാഹചര്യങ്ങൾക്കുമനുസൃതമായി ഒന്നോ രണ്ടോ ദിവസം മാസികാനിർമ്മാണശില്പശാല നടത്തേണ്ടി വരും. ലേ-ഔട്ട്, കവർ പേജ് തയ്യാറാക്കൽ, ചിത്രീകരണം എന്നിവ ഈ ശില്പശാലയിൽ കുട്ടികൾക്ക് പരിചയപ്പെടുത്തണം. ശില്പശാലയിൽ കുട്ടികൾക്ക് വിദഗ്ധരുടെ സഹായം ലഭിക്കണം.
- പുറംചട്ടയ്ക്കാവശ്യമായ അളവിൽ മുറിച്ച കാർഡ് പേപ്പർ, വിവിധ നിറങ്ങളിലുള്ള മാർക്കർ, സ്കെച്ച്പെൻ, ക്രയോൺ, സൂചി, നൂൽ, സ്റ്റാപ്ളർ തുടങ്ങിയ സാമഗ്രികൾ ശില്പശാലയിൽ (ക്ലാസിൽ) ലഭ്യമാക്കണം.
- ഒരു കുട്ടിയുടെ മാസികയിൽ ചുരുങ്ങിയത് പുറംചട്ട കൂടാതെ 20 എ-4 ഷീറ്റുകൾ ഉണ്ടാകണം. അതായത് സ്വന്തമായി രചനകളും ശേഖരണങ്ങളും ചിത്രങ്ങളുമൊക്കെയായി 20 എണ്ണം ഉണ്ടാകണമെന്നർത്ഥം. ആകെ പേജുകളുടെ എണ്ണം 50ൽ കൂടരുത്.
- രക്ഷിതാക്കളോ വീട്ടിലെ മറ്റുള്ളവരോ എഴുതിയ 1-2 രചനകൾകൂടി താത്പര്യമുണ്ടെങ്കിൽ ഉൾപ്പെടുത്താം.
- എല്ലാ മാസികയ്ക്കും പേരുണ്ടാകണം. പേരുകൾ ആവർത്തിക്കാതിരിക്കൻവേണ്ടി ഫെബ്രുവരിയിൽ ആദ്യ ആഴ്ചയിൽത്തന്നെ അവരവരുടെ മാസികയുടെ പേര് ക്ലാസ് ടീച്ചറെ അറിയിക്കണം. അതേ പേര് അതിനുമുമ്പ് മറ്റൊരു കുട്ടി കണ്ടെത്തിയിട്ടുണ്ടെങ്കിൽ മറ്റൊന്ന് കണ്ടെത്താൻ രണ്ടാമതു വന്ന കുട്ടിക്ക് അവസരം നൽകണം. സ്കൂൾതലത്തിൽ പേരിലെ ആവർത്തനം ഒഴിവാക്കുക പ്രയാസകരമാകും.
- മാസികയുടെ അവസാനത്തിൽ ഒരു എ-4 ഷീറ്റ് വായനക്കാരുടെ അഭിപ്രായങ്ങൾക്കായി ചേർക്കാം. ഇത് കുട്ടികളുടെ രചനകൾ ഉള്ള പേജിനു പുറമേയായിരിക്കണം.
- ലോക മാതൃഭാഷാദിനമായ ഫെബ്രുവരി 24 നാണ് സ്കൂളിൽ എല്ലാ കുട്ടികളുടെയും ഒരുമിച്ചുള്ള മാസികാപ്രകാശനം നടക്കേണ്ടത്. അത് രക്ഷിതാക്കൾ, ജനപ്രതിനിധികൾ, വായനശാലാ പ്രവർത്തകർ, സാഹിത്യകാരന്മാർ, പൂർവ്വവിദ്യാർത്ഥികൾ, പൂർവ്വാധ്യാപകർ തുടങ്ങിയവരെല്ലാം പങ്കെടുക്കുന്ന പരിപാടിയാകണം.
- ഭാഷോത്സവത്തിൽ ഗാനങ്ങൾ, കവിതകൾ, നൃത്തശില്പം, നാടകം, നാടൻപാട്ട് തുടങ്ങിയ അവതരണങ്ങൾ വേണം. ജൂൺ മുതൽ നടന്ന പരിപാടികളിൽ മികച്ച അവതരണങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. മാതൃഭാഷയുടെ മഹത്ത്വം വിളിച്ചോതുന്ന ഏതു പ്രവർത്തനവും അവതരണവും ഭാഷോത്സവത്തിന്റെ ഭാഗമാക്കാം.

വിദ്യാരംഗം സാഹിത്യവേദി സംസ്ഥാനതലത്തിൽ നിർദ്ദേശിക്കുന്ന ഒരു വർഷത്തെ പ്രവർത്തനപരിപാടിയുടെ രൂപരേഖയാണ് ഇത്. വായനയെ കേന്ദ്രീകരിച്ചുള്ള നിരവധി പ്രവർത്തനങ്ങൾ ഓരോ ദിനാചരണത്തിന്റെയും ഭാഗമായി ഉണ്ടാകണം. അവ സ്കൂളിന്റെ സവിശേഷ സാഹചര്യങ്ങൾക്കനുസൃതമായി ആസൂത്രണം ചെയ്തു നടപ്പാക്കണം. സാഹിത്യവേദിയുടെ സ്കൂൾതല-സമിതിയാണ് ഇതിന് നേതൃത്വം കൊടുക്കേണ്ടത്. മറ്റു ക്ലബ്ബുകളുടെ സഹകരണത്തോടെയാണ് പരിപാടികൾ നടത്തേണ്ടത്.

സർഗ്ഗവേളാ പിരിയഡുകളും ഭാഷാപഠനപിരിയഡുകളും ഉപയോഗപ്പെടുത്തിയുള്ള ഭാഷാപഠനപ്രവർത്തനങ്ങൾതന്നെയാണ് സാഹിത്യവേദി പ്രവർത്തനങ്ങൾ. വായനയ്ക്കുള്ള കുറച്ച് രചനകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. സ്കൂൾ ലൈബ്രറിയും ക്ലാസ് ലൈബ്രറികളും വായനശാലകളുമെല്ലാം ഫലപ്രദമായി പ്രയോജനപ്പെടുത്തി പരമാവധി വായനാനുഭവങ്ങൾ കുട്ടികൾക്കു ലഭിക്കണം.

സംസ്ഥാന നിർദ്ദേശങ്ങൾക്കനുസരിച്ച്

- ആദ്യ ടേമിൽ വിദ്യാരംഗം സർഗ്ഗോത്സവങ്ങൾക്ക് വിവിധ ഇനങ്ങളിൽ പങ്കെടുക്കേണ്ട കുട്ടികളെ കണ്ടെത്തൽ
- നവംബർ മാസത്തിൽ ‘എന്റെ ഗ്രാമം’ പതിപ്പ് തയ്യാറാക്കൽ (യു.പി.വിഭാഗത്തിൽമാത്രം)
- ഫെബ്രുവരിയിൽ ‘ഒരു കുട്ടി - ഒരു മാസിക’

എന്നിവയാണ് ഈ വർഷത്തിൽ നടക്കേണ്ട ഏറ്റവും പ്രധാന പ്രവർത്തനങ്ങൾ. സമയബന്ധിതമായും കാര്യക്ഷമമായും ഈ പ്രവർത്തനങ്ങൾ നടക്കുന്നതിനാവശ്യമായ ആസൂത്രണം ജൂൺ ആദ്യംതന്നെ നടക്കണം.

കുട്ടികളെ വായനയുടെയും എഴുത്തിന്റെയും മറ്റു സർഗ്ഗാത്മകപ്രവർത്തനങ്ങളുടെയും ലോകത്തേയ്ക്ക് നയിക്കുന്നതിനുള്ള ചിട്ടയായ പ്രവർത്തനങ്ങളാണ് വിദ്യാരംഗം കലാസാഹിത്യവേദിയെ സാർത്ഥകമാക്കുന്നുത്.

***************************